6 NOV. 1918
MADRAS

വിഷയവിവരം.

ചില സുപ്രസിദ്ധ സാഹിത്യകാരന്മാർ

മൂളിപ്പാട്ട്

— വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

വാസ്തവമേതോ?

— സി. എ. കുഞ്ഞുണ്ണിരാജാ ബി. എ.

മോക്ഷവും ധമ്മവും

— സ്വാമി വിവേകാനന്ദൻ.

കലയും സന്മാർഗ്ഗവും

— എച്ച്.

ശാകടായൻ

— വിദ്വാൻ, ഗോവിന്ദൻകുട്ടിനായർ.

വിദ്യാധരി

— പി. സുഭദ്ര.

കൈരളി

പുസ്തകം ൨൧ | ൧൧൧൨ കന്നി | ലക്കം ൩

* ചില സുപ്രസിദ്ധ സാഹിത്യകാരന്മാർ.

ഫെബ്ര്വരി.

പ്രിയപ്പെട്ട ഇന്ദിരെ,

ഇന്നലത്തെ കത്തിൽ ജർമ്മനിയുടെ ഉദയത്തെ വിവരിച്ചപ്പോൾ ഒരു പേർ ഞാൻ പ്രസ്താവിക്കുകയുണ്ടായില്ല. പത്തൊമ്പതാം നൂററാണ്ടിലെ ഏററവും സുപ്രസിദ്ധമായ ആ ജർമ്മൻ നാമധേയം ഗിഥേ എന്ന മഹാകവിയുടേതാണ്. അക്കാലത്തെ സുപ്രസിദ്ധരായ ചില യൂറോപ്യൻ സാഹിത്യകാരന്മാരെക്കുറിച്ച് ചിലതു പറയണമെന്നു ഞാൻ വിചാരിക്കുന്നു. പക്ഷെ ഇതൊരു അപകടം പിടിച്ച വിഷയമാണ്. എന്തുകൊണ്ടെന്നാൽ, എനിക്കു എൻെറ അജ്ഞത വെളിപ്പെടുത്തേണ്ടിവരും. ചില പ്രസിദ്ധന്മാരുടെ ഒരു പേർവിവരപ്പട്ടികമാത്രം തയ്യാറാക്കുന്നതു വെറും മൌഢ്യമാവുമല്ലൊ. എന്നാൽ കൂടുതൽ പറയുന്നതു ദുസ്സാധവുമാണ്.

സഹിത്യത്തിൻെറ സുന്ദരമായ ലോകത്തിലേക്കു അധികദൂരം നിന്നെ അനുഗമിക്കുവാൻ എനിക്കു കഴിവില്ലെങ്കിലും അവിടേക്കുള്ള മാർഗ്ഗം നിന്നെ ചൂണ്ടിക്കാട്ടുകയെങ്കിലും ചെയ്യണമെന്നു എനിക്കു താല്പര്യമുണ്ട്. എന്തുകൊണ്ടെന്നാൽ, സാമാന്യജനങ്ങളുടെ അപ്രധാനമായ ജീവിതത്തെക്കാളധികം ഒരു രാജ്യത്തിൻെറ കലയും സാഹിത്യവുമാണു അതിൻെറ ആത്മാവിനെ വെളിപ്പെടുത്തുന്നതു്. താല്ക്കാലികങ്ങളായ ക്ഷോഭങ്ങൾക്കും വികാരങ്ങൾക്കും സ്ഥാനമില്ലാത്ത പ്രശാന്തവും ഉൽകൃഷ്ടവുമായ ഒരു ഭാവനാലോകത്തേക്കു അവ നമ്മെ നയിക്കുന്നു. എന്നാൽ ഇന്നു കവിയും കലാകാരനും ഭാവിയുടെ പ്രവാചകന്മാരെന്നു ഗണിക്കപ്പെടുകയൊ ബഹുമാനിക്കപ്പെടുകയൊ ചെയ്യുന്നില്ല. അവക്കു അപൂർവ്വം വല്ലപ്പോഴും ബഹുമതി ലഭിക്കുന്നുവെങ്കിൽ, സാധാരണയായി അതു അവരുടെ മരണാനന്തരം മാത്രമാണ്.

പല യൂറോപ്യൻ സാഹിത്യങ്ങളും പത്തൊമ്പതാം നൂററാണ്ടിൽ പരിപുഷ്ടമായിട്ടുണ്ടെന്നുള്ളതു് സവിശേഷം സ്മരണീയമാണ്.

---

* പണ്ഡിററ് ജവഹർലാൽ നെഹറു മകൾക്ക് എഴുതിയതു്.

1749-ലാണു ഗീഥേ ജനിച്ചതു. 73-ാം വയസ്സിൽ മരിച്ച അദ്ദേഹം 19-ാം നൂററാണ്ടിലെ കാൽഭാഗകാലത്തോളം ജീവിച്ചിരുന്നു. യൂറോപ്യൻ ചരിത്രത്തിലെ ഏററവും സംഭവബഹുലമായ ഒരു കാലഘട്ടമായിരുന്നു അതു്. നെപ്പോളിയന്റെ സൈന്യങ്ങൾ തന്റെ രാജ്യത്തു അഴിമതികൾ ചെയ്യുന്നതു ഗീഥേ നോക്കിക്കണ്ടു. തന്റെ സുദീർഘമായ ജീവിതത്തിൽ അനവധി അരിഷ്ടങ്ങൾ അദ്ദേഹത്തിനു അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. എന്നാൽ ക്രമേണ ദുഃഖങ്ങൾക്കു അദ്ദേഹത്തെ അത്ര വേദനപ്പെടുത്തുവാനോ സുഖങ്ങൾക്കു അത്ര ആനന്ദിപ്പിക്കാനോ കഴിവില്ലാതായി. ഗീഥേയ്ക്കു അറുപതു വയസ്സു കഴിഞ്ഞ കാലത്താണു നെപ്പോളിയൻ അദ്ദേഹത്തെ ആദ്യമായി കണ്ടതു. ആ വാതിൽക്കൽ പ്രശാന്തഗംഭീരമായ മുഖഭാവത്തോടെ അദ്ദേഹം നില്ക്കുന്നതു കണ്ടപ്പോൾ ആ ദിഗ്‌വിജയി പറഞ്ഞു: "അതാ, അതൊരു മനുഷ്യനാണു്." തന്റെ ജീവിതകാലത്തു് വിവിധങ്ങളായ പ്രസ്ഥാനങ്ങളിലും ഗീഥേ വ്യാപരിച്ചിട്ടുണ്ടു്. താൻ തൊട്ടതു തൊട്ടതു അദ്ദേഹം വിശിഷ്ടമാക്കുകയും ചെയ്തു. അദ്ദേഹം ഒരു തത്വചിന്തകനും, കവിയും, നാടകകർത്താവുമായിരുന്നു. പലതരം ശാസ്ത്രങ്ങളിലും അഭിരുചിയുണ്ടായിരുന്ന ഒരു ശാസ്ത്രജ്ഞനുമായിരുന്നു അദ്ദേഹം. ഇതിനൊക്കെ പുറമേ ഒരു നിസ്സാരനായ ജർമ്മൻരാജാവിന്റെ മന്ത്രിയെന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്യോഗം! തന്റെ ജീവിതകാലത്തുതന്നെ ഗീഥേയുടെ കീർത്തി നാനാദിഗന്തങ്ങളിലും വ്യാപിച്ചു ജർമ്മൻകാർ അദ്ദേഹത്തെ ഒരു ചെറിയ ഈശ്വരനെപ്പോലെ കരുതി വന്നു.

ഗീഥേയുടെ സമകാലീനരായ ഷില്ലരും, ഹയിനേയും സുന്ദരങ്ങളായ കവിതകൾ രചിച്ചിട്ടുള്ള ജർമ്മൻ കവികളാകുന്നു. പുരാതന യവനസംസ്കാരമാണു ഈ മൂന്നു അനുഗൃഹീത കവികൾക്കും പ്രചോദനമായിരുന്നതു്.

19-ാം നൂററാണ്ടിലെ ആദ്യഘട്ടം യൂറോപ്പിൽ — പ്രത്യേകിച്ചും ഇംഗ്ലണ്ടിൽ — പല നല്ല കവികളേയും ഉല്പാദിപ്പിച്ചു. റഷ്യയിലെ ഏററവും വിഖ്യാതനായ ദേശീയകവി പുഷ്കിൻ ഇക്കാലത്താണു ജീവിച്ചിരുന്നതു്. ഒരു ദ്വന്ദ്വയുദ്ധത്തിന്റെ ഫലമായി വളരെ ചെറുപ്പത്തിൽതന്നെ അദ്ദേഹം മരിച്ചു. ഫ്രാൻസിലും പലേ കവികളുമുണ്ടായെങ്കിലും രണ്ടു നാമധേയങ്ങൾ മാത്രമേ ഞാൻ പ്രസ്താവിക്കുന്നുള്ളു. 1802-ൽ ഭൂജാതനായ വിക്ടർ യൂഗോ ഗീഥേയെപ്പോലെതന്നെ 83 വയസ്സുവരെ ജീവിച്ചിരുന്നു. ഗീഥേയെപ്പോലെതന്നെ അദ്ദേഹത്തിന്റെ നാട്ടുകാർ ഒരു ചെറിയ ഈശ്വരനേപ്പോലെ അദ്ദേഹത്തെ ഗണിച്ചുവന്നു. മൊരച്ച യാഥാസ്ഥിതികത്വത്തിൽനിന്നും തുടങ്ങി പരിപൂർണ്ണമായ സോഷ്യലിസത്തിലാണു അദ്ദേഹം ചെന്നു അവസാനിച്ചതു്. അധികമാളുകളും വയസ്സാവുന്തോറും പിന്നപ്പിന്നെ യാഥാസ്ഥിതികന്മാരാവുകയാണു ചെയ്യുക. എന്നാൽ യൂഗോവിന്റെ കഥ നേരെ

മരിച്ചാകുന്നു. ഫ്രഞ്ചു സാഹിത്യത്തിലെ ഏററവും സുപ്രസിദ്ധനായ ഒരു കവിയും ആഖ്യായികാകാരനും, നാടകകർത്താവുമാണു അദ്ദേഹം. "പാവങ്ങൾ" എന്ന അദ്ദേഹത്തിൻെറ പേർപെററ ഗ്രന്ഥം നിനക്കു സുപരിചിതമായിരിക്കാം.

ഞാൻ പറയാൻ പോകുന്ന രണ്ടാമത്തെ ഫ്രഞ്ചു നാമധേയം ഹൊണോറെ ഡി ബൽസാക്കിൻെറതാണ്. അദ്ദേഹം വിക്ടർ യൂഗോവിൻെറ ഒരു സമകാലീനനായിരുന്നു. തൻെറ അനതിദീർഘമായ ജീവിതവേളയിൽ അനവധി നോവലുകൾ അദ്ദേഹം എഴുതിത്തീർത്തിട്ടുണ്ടു്. തൻെറ കാലത്തെ ഫ്രഞ്ചുജീവിതം മുഴുവൻ തൻെറ നോവലുകളിൽ പകർത്തണമെന്നായിരുന്നു അദ്ദേഹത്തിൻെറ ആശ. ഉൽകൃഷ്ടമായ ആ ആശ സാധിക്കുവാൻ മാത്രം അദ്ദേഹത്തിനു ആയുസ്സുണ്ടായില്ല.

പത്തൊമ്പതാം ശതാബ്ദത്തിൻെറ ആദ്യഘട്ടത്തിൽ ഇംഗ്ലണ്ടിൻെറ സാഹിത്യാന്തരീക്ഷത്തിൽ മൂന്നു തേജഃപുഞ്ജങ്ങൾ ഉദിച്ചുയർന്നു. സമകാലീനന്മാരായ അവർ മൂവരും അടുത്തടുത്തു വളരെ ചെറുപ്പത്തിൽ തന്നെ മരിച്ചു. കീററ്സിനേയും, ഷെല്ലിയേയും ബൈറണേയും കുറിച്ചു പക്ഷെ നീ കേട്ടിരിക്കാം. കീററ്സിനു ദാരുണമായ ദാരിദ്ര്യത്തോടും നിർദ്ദയമായ വിമർശനത്തോടും കഠിനമായി പോരാടിക്കേണ്ടിവന്നു. 1821-ൽ തൻെറ 26-ാമത്തെ വയസ്സിൽ മരിക്കുമ്പോൾ അദ്ദേഹം അത്ര സുപ്രസിദ്ധനായിരുന്നില്ല. എന്നാൽ അതിനുള്ളിൽ അദ്ദേഹം വളരെ മനോഹരങ്ങളായ കവിതകൾ എഴുതിയിട്ടുണ്ടു്. കീററ്സ് സമുദായഘടനയിൽ ഇടത്തരത്തിൽ പെട്ടവനായിരുന്നു. പണത്തിൻെറ ദൌർല്ലഭ്യം അദ്ദേഹത്തിനുകൂടി ഒരു വിഘാതമായിരുന്നുവെങ്കിൽ, സാധുക്കൾ കവികളും സാഹിത്യകാരന്മാരും ആവുക എത്ര പ്രയാസമാണെന്നു് ആലോചിച്ചുനോക്കു! കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഇന്നത്തെ ഇംഗ്ലീഷ് പ്രൊഫസർ ഇതിനെപ്പററി പറയുന്നതു പ്രസ്താവ്യമാണു്. "നമ്മുടെ രാജ്യത്തിൻെറ ചില ദോഷങ്ങളാൽ പാവപ്പെട്ട കവിക്കു ഇന്നോ, ഒരു ഇരുനൂറു കൊല്ലത്തിനു ഇങ്ങേപ്പുറമൊ, ഒരു പട്ടിക്കുള്ള അവസരംകൂടി ലഭിക്കുന്നില്ല. ഞാൻ പറയുന്നതു വിശ്വസിക്കുക— ഒരു നൂററിരുപതു പ്രാഥമികവിദ്യാലയങ്ങളുടെ മേൽനോട്ടം പത്തുകൊല്ലത്തോളം വഹിച്ചിട്ടുള്ളവനാണു ഞാൻ. പ്രജായത്തഭരണത്തെപ്പററി നാം മുക്തകണ്ഠം സ്തുതിക്കാറുണ്ടു്. എന്നാൽ വാസ്തവത്തിൽ ദരിദ്രനായ ഒരു ഇംഗ്ലീഷ് ബാലനു ചിന്താസ്വാതന്ത്ര്യം ഉണ്ടാകുവാൻ പണ്ടത്തെ ഒരു അഥീനിയൻ അടിമക്കു് ഉണ്ടായിരുന്നേടത്തോളം ബുദ്ധിമുട്ടുകളുണ്ടു്. ചിന്താസ്വാതന്ത്ര്യത്തിൽനിന്നു മാത്രമെ ഉൽകൃഷ്ടമായ സാഹിത്യം കിളുർത്തിട്ടുള്ളു."

ഇന്നത്തെ നമ്മുടെ സാഹിത്യവും സംസ്കാരവുമെല്ലാം ധനവാന്മാരുടെ കുത്തകയാണെന്നുള്ളതു സാധാരണ നാം വിസ്മരിക്കാറുള്ളതുകൊണ്ടാണു ഞാൻ ഇതു ഉദ്ധരിച്ചതു്. സാഹിത്യത്തിനും സംസ്കാരത്തിനും പാവപ്പെട്ടവൻെറ മാടത്തിൽ സ്ഥലമില്ല. പട്ടിണികൊണ്ടു

പൊരിയുന്ന വയറിനോടു കവിതക്കു യാതൊരു ബന്ധവുമില്ല. ഇന്നത്തെ നമ്മുടെ സാഹിത്യവും സംസ്കാരവും സുഖികളായ സമ്പന്നന്മാരുടെ ഹൃദയപ്രതിഛായ മാത്രമാണ്. പാവപ്പെട്ട തൊഴിലാളി പുതിയ ഒരു സമുദായഘടനയിൽ കുറെക്കൂടി പ്രാധാന്യമുള്ള ഒരു ഘടകമാവുകയും, സംസ്കാരത്തെപ്പറ്റി ചിന്തിക്കുവാൻ അവനു സമയവും സൌകര്യവും ലഭിക്കുകയും ചെയ്യുമ്പോൾ ഈ നിലക്കു ആശാസ്യമായ ഒരു മാററം വരാതെ നിവൃത്തിയില്ല. അത്തരം ഹൃദയാകർഷകമായ ഒരു പരിവർത്തനമാണു ഇന്നു റഷ്യയിൽ നടന്നുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ കുറെ തലമുറകളായി ഇന്ത്യയിലെ സംസ്കാരത്തിനു ഇത്ര വൈരള്യം സംഭവിച്ചിരിക്കുന്നത് ഇന്ത്യൻജനതയുടെ കഠിനമായ ദാരിദ്ര്യത്താലാണെന്നു ഇതു സ്പഷ്ടമാക്കുന്നു. ഉണ്ണാൻ ഇല്ലാത്തവരോടു സംസ്കാരത്തെപ്പററി സംസാരിക്കുന്നതുതന്നെ ഒരുതരം അവഹേളനമാണ്. നാലുപുറത്തും ദാരിദ്ര്യം ഇങ്ങിനെ നഗ്നമായി നൃത്തംചെയ്യുന്നതു കാണുമ്പോൾ സാമാന്യം ഭേദപ്പെട്ടു കഴിയാവുന്നവരുടെ ഹൃദയത്തിൽക്കൂടി അതിൻെറ ചില കോറലുകൾ ഉണ്ടാകാതെ നിവൃത്തിയില്ല. അതിൻെറ ഫലമായി, ഇന്നു ഇന്ത്യയിൽ ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ സംസ്കാരശൂന്യരായിത്തീന്നിരിക്കുന്നു.

ഞാൻ വിഷയത്തിൽനിന്നും വ്യതിചലിച്ചിരിക്കുന്നു.

ഷെല്ലി കാമ്യനായ ഒരു സൃഷ്ടിയാകുന്നു. ബാല്യംമുതല്ക്കേ ഊർജ്ജസ്വലനും, എന്തിലും എവിടേയും സ്വാതന്ത്ര്യത്തിൻെറ രക്ഷാപുരുഷനുമായ അദ്ദേഹത്തെ ആരാണു സ്നേഹിക്കാതിരിക്കുക! ഷെല്ലിയും കീററ്സും തങ്ങളുടെ അല്പമാത്രമായ ഈ ജീവിതകാലങ്ങളിൽ കവികളായിത്തന്നെ ജീവിച്ചു—ലൌകികജീവിതത്തിൻെറ അസ്വാതന്ത്ര്യങ്ങളേയും വൈഷമ്യങ്ങളേയും അവഗണിച്ചു, സ്വതന്ത്രമായ ഭാവനാലോകത്തിൽ സ്വഛന്ദം വിഹരിച്ചു.

ബൈറണും സ്വാതന്ത്ര്യത്തെപ്പററി കവിതയെഴുതിയിട്ടുണ്ട്. എന്നാൽ അതു രാഷ്ട്രീയസ്വാതന്ത്ര്യത്തെപ്പററിയാണ്. ഷെല്ലിയെപ്പോലെ സാമ്പത്തികസ്വാതന്ത്ര്യത്തെപ്പററിയല്ല. ടക്കിക്കു എതിരായി ഗ്രീസ്സിൻെറ സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹം തൻെറ ജീവിതം ബലികഴിച്ചു. ഒരു മനുഷ്യനെന്ന നിലയിൽ ബൈറണിൽ പലതിനേയും ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ എനിക്കു അദ്ദേഹത്തോടു ഒരു സഹോദരത്വം തോന്നുന്നുണ്ട്. അദ്ദേഹവും ഹാറൊ സ്കൂളിലും കാംബ്രിഡ്ജിലെ ട്രിനിററികാളേജിലും തന്നെയല്ലേ പഠിച്ചതു്? എൻെറ സ്കൂളിലും എൻെറ കോളേജിലും?

വർഡ്സവത്തും കാലറിഡ്ജും ആണു ഇക്കാലത്തെ മററു രണ്ടു പ്രസിദ്ധ ഇംഗ്ലീഷുകവികൾ. വർഡ്സവത്തിനെ ഇംഗ്ലീഷ സാഹിത്യത്തിലെ ഒരു മഹാകവിയായി ഗണിച്ചു വരുന്നുണ്ടു. എന്നാൽ ഞാൻ അദ്ദേഹത്തിൻെറ ഒരു ആരാധകനല്ലെന്നു വേണം പറയാൻ.

മൂളിപ്പാട്ട്.

— വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

ഒരുകാലത്തും നാശമില്ലല്ലോ, കവിതശ്രീ-
നരലോകത്തിൻ ഭാഗ്യമെന്തൊരു ഭാഗ്യം, ഹാ ഹാ!
വിലസത്സന്ധ്യാരാഗമാധുരി മായുന്നേരം
പലതും ചിന്തിച്ചുകൊണ്ടെൻ മുററത്തിരുന്നു ഞാൻ.

"അയൽവകത്തെപ്പിഞ്ചുപൈതലിൻ കുളിർമെയ്യി-
ലണിയാനിനിയില്ല പൊൻപണ്ടമൊന്നും തന്നെ.
ഉണ്ടെനിക്കൊരുകുട്ടി; താൻപിറന്നൊരു വീട്ടിൽ
കണ്ടിട്ടില്ലവളൊരുപൊന്നിന്റെ നുറുങ്ങുമേ:—"

തരസാ പാദശബ്ദം കേട്ടുഞാൻ നോക്കുമ്പോഴേ-
ശ്ശരിമപ്പെൺകുഞ്ഞെന്റെ കൺമുമ്പിലെത്തിച്ചേർന്നു;
ചുരുൾവാർമുടിയിലും വിസ്മയംതോന്നുമ്മാറ-
ങ്ങിരുകാതിലുമോരോ തൂമിന്നാമിനുങ്ങുമായ്.
ശരി;-യെൻ പാവപ്പെട്ട കുട്ടിയെച്ചമയിപ്പാൻ,
തിരുവുള്ളലിഞ്ഞൊരു വിശ്വമാതാവേ, വെൽക!

ഒരുകാലത്തും നാശമില്ലല്ലോ കവിതശ്രീ-
നരലോകത്തിൻഭാഗ്യമെന്തൊരു ഭാഗ്യം, ഹാ ഹാ!

വേണമിന്നെനിക്കൊരു മൂളിപ്പാട്ടെന്നു പൂന്തേൻ-
വാണിയാം മകളെന്റെ കൈപിടിച്ചപേക്ഷിച്ചാൾ.
വല്ലാതെ പരുങ്ങി ഞാൻ വസ്തുതയറിയാതെ
ചൊല്ലിനാൾ കൊഞ്ചിക്കൊഞ്ചിയോമന ചിലതപ്പോൾ.
ഒരു പുഷ്പത്തിൽനിന്നും മറെറാന്നിൽ പറക്കവേ
മുരളും കാർവണ്ടാണു മൂളിപ്പാട്ടവൾക്കഹോ!

ഒരുകാലത്തും നാശമില്ലല്ലോ കവിതശ്രീ-
നരലോകത്തിൻഭാഗ്യമെന്തൊരു ഭാഗ്യം, ഹാ ഹാ!

വാസ്തവമേതോ?

— സി. എ. കുഞ്ഞുണ്ണിരാജാ ബി. എ.

നിറയും കണ്ണേ, നോക്കാ-
നാമെങ്കി,ലക്കാണുന്ന
ചെറുതാം കുടിലിന്റെ
തെക്കെഴും വളപ്പിങ്കൽ

അപ്പാഴ്മൺ തറ കാണാ-
മിപ്പൊഴു, മേതിൻകുഴി-
ലപ്പെൺ പൈതലാൾ ദീർഘ-
നിദ്രചെയ്യുരുളുന്നു.

മുത്തൊളിയേലും മഞ്ഞു-
തുള്ളികളണിഞ്ഞുള്ള
പുത്തനാമിളംപച്ച-
ക്കൂമ്പിട്ട പുല്ലിൻകൂട്ടം

എമ്പാടും ചുഴന്നിട്ടു-
മായതിൻമീതെ നിൽപ്പു-
ണ്ടമ്പെത്താൻ കരിഞ്ഞൊരു
മുറിക്കൈച്ചെറുവാഴ

പ്രത്യഹം കുരുക്കുന്ന
ജീവിതങ്ങളാം തൻമദ്ധ്യേ
മൃത്യുദേവതനാട്ടും
പാഴ്വെന്നിക്കൊടിപോലെ.

൨.

ഏകപുത്രിയാണോമ-
ലങ്ങേഴും കൃഷിക്കാര-
നേകാന്തസൌഖ്യം വാണാ-
രങ്ങവർ ചിരകാലം.

പ്രകൃതീശ്വരിയുടെ
　　പച്ചക്കൽക്കളിത്തട്ടിൻ
പ്രതിമ വഹിക്കുന്ന
　　പച്ചനെല്പാടം മുന്നിൽ;

വെററിലക്കൊടികേറി
　　നയനോത്സവമായി-
ച്ചുററിലും ചാഞ്ചാടിക്കൊ-
　　ണ്ടരുളും കവുങ്ങുകൾ;

പടർവള്ളികൾ; വാഴ-
　　ക്കൂട്ടങ്ങളിവയെല്ലാം
നടുവിൽ ചെറിയോരു
　　കാവിമൺ ചുമർവീടും-

കഴിഞ്ഞിതവർക്കുള്ള
　　വൈഭവ സമൃദ്ധികൾ;
കഴിഞ്ഞിതിവയുള്ളി-
　　ലവർതന്നാവശ്യങ്ങൾ.

൩.

ഉച്ചണ്ഡാതപച്ചൂടോ-
　　ടൊപ്പമേയവർക്കുള്ളു-
മുൾച്ചൂടും തണുപ്പിച്ചു
　　വീശിയ പൂഞ്ചെക്കാററിൽ

അലതല്ലീടും പച്ച-
　　പ്പാടത്തിനൊപ്പം തന്നെ-
യവർക്കുമോളം തല്ലീ
　　സ്സുശുദ്ധനിർമ്മലസ്വാന്തം.

പൂക്കാലം വരും; പൂത്തി-
　　യക്കുന്നുവപകന്നേകും
വാഴ്ക്കും തൻ നവാമോദി-
　　മാനസസമുല്ലാസം.

കാർകാലം വരുമപ്പോൾ
    പുത്രിക്കുമരുളീടും
പാകത്തിൽ തനിക്കുള്ള
    ശീതളസമാശ്വാസം.

അങ്ങനെ കഴികയായ്
    ജീവിതമിരുവൎക്കു-
മന്യോന്യസമർപ്പണ-
    സമ്പൂൎണ്ണം സുഖശാന്തം.

൪.

കഴിഞ്ഞ ചൈത്രാന്തത്തി-
    ലാണെന്നാൽ പ്രഥമമാ-
യിഴഞ്ഞു കേറിച്ചെന്ന-
    തങ്ങൊരു ദുഷ്ടാലാഹി.

ആയതിൻ വിഷമയ-
    ഫൂൽക്കാരാൽ പൊലിഞ്ഞുപോ-
യാവീട്ടിന്നിരുവീക്കി-
    മിന്നിയ മണിദീപം.

ഇരുളാണവിടെയി-
    ന്നേതൊരു നഷ്ടച്ഛായ-
മരുത്തു നോക്കാൻപോലു-
    മാക്കുമിന്നതിൻ നേരെ.

അന്തിയാകവേ നിത്യം
    വിണ്ണിലുമേതോ ദേവി
ചന്തമോടന്തിത്തിരി
    കൊളുത്തിക്കാണിക്കവേ,

ഇരുകൈകൊണ്ടും ഭക്ത്യാ
    കോമളമാകും മാറി-
ന്നരികെപ്പിടിച്ചോരു
    കൊച്ചുകോൽവിളക്കുമായ്,

ഉത്തമസ്നേഹാക്തമാം
    മറെറാരു ഹൃത്തേജസ്സി-
ന്നൊത്ത തൽപ്രദീപ്തിയിൽ
    തിളങ്ങും മുഖത്തോടെ,

നമ്രമൌലിയായോമൽ
    വന്നുനില്ക്കാറുള്ളാക്കൊ-
ച്ചുമ്മറത്തു നാമിന്നു
    കാണുവതെന്തയ്യയ്യോ!

അക്ക്രശ്രുഭരംഗ-
    സ്മൃതിയും മറപ്പോരു
കല്ലരിയിരുൾത്തിര-
    ശ്ശീലതൻ മുൻഭാഗത്തായ്

വിറയ്ക്കും കണ്ടാലേവ-
    മുള്ളൊരു ഭയങ്കര-
നരകങ്കാളത്തിന്റെ
    യുന്മാദനൃത്തം ഘോരം!

എന്തൊരു പരിണാമ-
    മന്നുമിന്നുമായ് പാർത്താൽ
ഹന്ത ഹേ കൃഷിക്കാരെ!
    വാസ്തവമിതിലേതോ?

മോക്ഷവും ധർമ്മവും. *

— സ്വാമി വിവേകാനന്ദൻ.

മോക്ഷലാഭേച്ഛയ്ക്കു പ്രാധാന്യം നൽകുന്ന നാടാണു് നമ്മുടേതു്. പാശ്ചാത്യദേശമാകട്ടെ ധർമ്മത്തിനു പ്രാധാന്യമരുളുന്നു. നാം മുക്തിയെ കൊതിക്കുന്നു; പാശ്ചാത്യർ ധർമ്മത്തെ ആരായുന്നു. 'ധർമ്മ'ശബ്ദത്തെ മീമാംസകന്മാർ ഉദ്ദേശിക്കുന്ന അർത്ഥത്തിലാണു് ഇവിടെ പ്രയോഗിച്ചിട്ടുള്ളതു്. എന്താണു് ഈ ധർമ്മം? ഇഹലോകത്തിലും പരലോകത്തിലും സുഖാനുഭോഗത്തിനുള്ള ഇച്ഛയെ—വാസനയെ—നല്കുന്നതേതോ അതു തന്നെ ധർമ്മം. കർമ്മമാണു് ധർമ്മത്തിന്റെ മൂലം. രാവും പകലും ഇടവിടാതെ സുഖത്തെത്തേടി നടക്കുവാൻ അതിന്നായി പ്രയത്നിക്കുവാൻ— ധർമ്മം മനുഷ്യരെ പ്രേരിപ്പിക്കുന്നു.

മോക്ഷമോ? അതു പഠിപ്പിക്കുന്നതു് ഇങ്ങനെയൊന്നുമല്ല. ഐഹികസുഖം വെറും മിത്ഥ്യയാണു്. പാരലൌകികസുഖവും അപ്രകാരം തന്നെ. ഈ കാണുന്ന പ്രകൃതിയുടെ നിയമപരിധിക്കു വെളിയിൽ കടന്നാൽ ഇഹലോകവുമില്ല; പരലോകവുമില്ല. അതെല്ലാം വെറും അടിമത്തം. ഒന്നു് ഇരുമ്പുചങ്ങലയാണെങ്കിൽ മറെറാന്നു സുവർണ്ണശൃംഖല— ഇത്രമാത്രമേ വ്യത്യാസമുള്ളു. അതുതന്നെയല്ല, പ്രകൃതിയുടെ പരിധിക്കുള്ളിലായതുകൊണ്ടു് ആ സുഖം നിലനില്ക്കുന്നതുമല്ല. അതിനാൽ ഈ അടിമത്തത്തെ ഇനി അരനിമിഷംപോലും വെച്ചുപുലർത്താതെ ഇതിൽനിന്നു കഴിയുന്നതും വേഗത്തിൽ മുക്തരാകണം. പ്രകൃതിയുടെ ബന്ധനത്തിൽനിന്നു വെളിയിൽ ചാടണം; ശരീരബന്ധത്തെ ഛേദിച്ചുകളഞ്ഞു സ്വതന്ത്രരാകണം.—ഇതാണു് മോക്ഷമാർഗ്ഗം ഉപദേശിക്കുന്നതു്. ഭാരതത്തിലല്ലാതെ മറെറാരിടത്തുമില്ല, ഇങ്ങനെയുള്ള മോക്ഷമാർഗ്ഗം. അതുകൊണ്ടുതന്നെയാണു് മുക്തന്മാർ ഭാരതത്തിൽ മാത്രമേയുള്ളു, വേറെയെങ്ങുമില്ല എന്നു പറയപ്പെടുന്നതും. വെറും പ്രവാദമല്ല, പരമാർത്ഥവും കൂടിയാണു് അതു്. മുക്തന്മാർ മററു രാജ്യങ്ങളിൽ മേലാൽ ഉണ്ടാവുകയില്ല എന്നു് ഇതിനർത്ഥമില്ല. നിശ്ചയമായിട്ടും ഉണ്ടാകും. അതു് അത്യന്തം ആഹ്ലാദജനകമായ ഒരു സംഗതിയുമാണു്. ഒരുകാലത്തു് ഈ ഭാരതവർഷത്തിൽ ധർമ്മവും മോക്ഷവും അന്യോന്യം യോജിച്ചുതന്നെ പ്രവർത്തിച്ചിരുന്നു. അന്നു യുധിഷ്ഠിരൻ, അർജ്ജുനൻ, ദുര്യോധനൻ, ഭീഷ്മർ,

---

* ബങ്കാളിയിൽ നിന്നു്. പരിഭാഷകൻ: ആർ. സീ. ശർമ്മാ.

കൺ്ണൻ മുതലായ ധൎമ്മവീരന്മാരോടൊപ്പംതന്നെ വ്യാസൻ, ശുകൻ, ജനകൻ ആദിയായ മുമുക്ഷുക്കളും ജീവിച്ചിരുന്നു. ബുദ്ധന്റെ ആവിൎഭാവത്തിനുശേഷം ധൎമ്മം തീരെ അനാദൃതമായിപ്പോവുകയും മോക്ഷമാൎഗ്ഗത്തിനുമാത്രം പ്രാധാന്യം സിദ്ധിക്കയും ചെയ്തു. ഗയാസുരൻ (ബുദ്ധൻ) (i) സകലൎക്കും മോക്ഷമാൎഗ്ഗത്തെ ഉപദേശിച്ചുകൊണ്ടു ലോകത്തെ ആകമാനം ധ്വംസിക്കുവാൻ പുറപ്പെട്ടു എന്നും ആ അവസരത്തിൽ ദേവന്മാർ വന്നു ഉപായത്തിൽ അദ്ദേഹത്തിന്റെ ഉദ്യമത്തെ ശിഥിലമാക്കി എന്നും അഗ്നിപുരാണത്തിൽ രൂപകരീതിയിൽ പ്രസ്താവിച്ചിട്ടുള്ളതു് ഈ അഭിപ്രായത്തെ ഉള്ളിൽ വെച്ചുകൊണ്ടായിരിക്കണം. നമ്മുടെ ദേശം അധഃപതിച്ചുപോയി എന്നു പലരും പറയുന്നതു നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കും. അതിന്നു കാരണം എന്തെന്നു അറിവാൻ ദൂരെയെങ്ങും അന്വേഷിച്ചു പോകേണ്ട ആവശ്യമില്ല. ധർമ്മലോപമാണ് ഭാരതത്തിന്റെ അധഃപതനത്തിനു കാരണം. നാട്ടുകാർ മുഴുവനും മുമുക്ഷുക്കളായിത്തീൎന്നു് മുക്തിമാൎഗ്ഗത്തിൽ അനുശീലനം നടത്തുകയാണെങ്കിൽ അതു നല്ലതുതന്നെ. പക്ഷെ അതുണ്ടാവുന്ന കാൎയ്യമല്ല. ഭോഗം കൂടാതെ ത്യാഗം സാദ്ധ്യമല്ല. ആദ്യം വേണ്ടതു ഭുക്തിയാണു്. പിന്നീടാണു മുക്തി. അതല്ലാ പെട്ടെന്നു നാടൊട്ടുക്കുള്ള ജനങ്ങളെല്ലാം ഒന്നിച്ചുകൂടി സന്ന്യസിക്കാനാണു ഭാവമെങ്കിൽ അതിന്റെ ഫലം--അങ്ങുമില്ല ഇങ്ങുമില്ല—ത്രിശങ്കുസ്വൎഗ്ഗംതന്നെ. ബൌദ്ധന്മാരുടെ പ്രാബല്യകാലത്തു ഓരോ മാസത്തിലും സന്ന്യാസികളുടെ സംഖ്യ ലക്ഷക്കണക്കായി വർദ്ധിക്കുവാൻ തുടങ്ങിയതെന്നോ അന്നു കഴിഞ്ഞു നാടിന്റെ നാശഗൎത്തത്തിലേയ്ക്കുള്ള പതനത്തിന്റെ ആരംഭം. ബൌദ്ധന്മാർ, കൃസ്ത്യാനികൾ, മുസൽമാ

(i) ഗയാസുരനും ബുദ്ധദേവനും ഒന്നാണെന്നുള്ള സ്വാമികളുടെ അഭിപ്രായം പിന്നീടു മാറുകയുണ്ടായിട്ടുണ്ടു്. അദ്ദേഹം സമാധിയടയുന്നതിനു അല്പകാലം മുമ്പു കാശിയിൽനിന്നു തന്റെ ഒരു ശിഷ്യനു അയച്ച എഴുത്തിൽ ഒരിടത്തു ഇങ്ങനെ പറയുന്നു:—

"അഗ്നിപുരാണത്തിൽ ഗയാസുരനെസ്സംബന്ധിച്ചു പ്രസ്താവിക്കുന്ന ഭാഗം (ഡാക്ടർ രാജേന്ദ്രലാല മിത്രൻ അഭിപ്രായപ്പെടുന്നതുപോലെ) ബുദ്ധദേവനെ ഉദ്ദേശിച്ചു എഴുതപ്പെട്ടിട്ടുള്ളതല്ല. അതു പണ്ടു മുതലേ ജനങ്ങളുടെ ഇടയിൽ എങ്ങനെയോ പ്രചരിച്ചുവന്ന വെറും ഒരൈതിഹ്യം മാത്രമാണു്.

"ബുദ്ധൻ ഗയശീൎഷപൎവ്വതത്തിൽ വസിക്കുവാൻ പോയിരുന്നു എന്നുള്ള പ്രസ്താവത്തിൽനിന്നുതന്നെ ആ പേരിൽ ഒരു സ്ഥലം പണ്ടു മുതല്ക്കേ ഉണ്ടായിരുന്നു എന്നു തെളിയുന്നുണ്ടല്ലോ."

ഉൽബോധനം—8-ാംവാല്യം 588-ാം പുറം.

ന്മാർ, ജൈനന്മാർ എന്നിവക്കെല്ലാം ഒരു വലിയ തെററു പററിപ്പോയിട്ടുണ്ട്. നിയമവും നിഷ്ഠയും വ്യക്തിഭേദമെന്യെ എല്ലാവക്കും ഒന്നുതന്നെ എന്നാണ് അവരുടെ ഇടയിലുള്ള നിശ്ചയം. അതു ഭീമമായ ഒരബദ്ധം തന്നെയായിപ്പോയി. ജാതി വ്യക്തി പ്രകൃതിഭേദങ്ങളെ അനുസരിച്ച് ശിക്ഷാനടപടി, നിയമം മുതലായതും വേറെ വേറെയാകാതെ തരമില്ല. ബലാൽകാരേണ അതെല്ലാം ഒന്നാക്കുവാൻ ശ്രമിച്ചാൽ അതു സാദ്ധ്യമാകുമോ? "മോക്ഷത്തെപ്പോലെ ഉത്തമമായിട്ടു മററെന്താണുള്ളത്? ലോകം മുഴുവനും മുക്തി സമ്പാദിക്കണം" എന്നു ബുദ്ധമതക്കാർ ഉപദേശിക്കുന്നു. ഞാൻ ചോദിക്കുന്നു, അതു് എപ്പോഴെങ്കിലും ശക്യമാണോ എന്ന്. "നിങ്ങൾ ഗൃഹസ്ഥന്മാരാണ്; നിങ്ങൾക്ക് ഈവക സംഗതികളെക്കൊണ്ടു് വലിയ ആവശ്യമൊന്നുമില്ല; നിങ്ങൾ നിങ്ങളുടെ ധർമ്മത്തെ അനുഷ്ഠിക്കുവിൻ." ഇതാണു ഹിന്ദുക്കളുടെ ശാസ്ത്രം ഉപദേശിക്കുന്നതു്. അതു തന്നെയാണ് പരമാർത്ഥവും. ഒരു മുഴം ദൂരംപോലും ചാടുവാൻ ശക്തിയില്ല; സമുദ്രം ചാടിക്കടന്നു ലങ്കയിലെത്തുകയും വേണം. സാധിക്കുമോ അതു് എങ്കിലും? പട്ടിണി കിടന്നു പ്രാണൻ പൊരിയുന്ന ഒന്നുരണ്ടു അഗതികൾക്കെങ്കിലും വയറുനിറയെ ചോറു നല്കുവാൻ കഴിയാത്ത കൂട്ടർ--നാൽവരോടൊപ്പം ചേർന്നിരുന്നു് ഒരുമയോടെ ജനങ്ങൾക്കു പരക്കെ ഹിതകരമായ ഏതെങ്കിലും ഒരു കാൎയ്യം ചെയ്യുവാൻ ശക്തരല്ലാത്ത നിങ്ങൾ ആണു് കൈവല്യം കൈക്കലാക്കുവാൻ കച്ചകെട്ടി കൈയ്യും നീട്ടി ഓടുന്നതു്! "ധർമ്മത്തേക്കാൾ വലുതാണു മോക്ഷം, അതിനു സംശയമില്ല. പക്ഷേ ആദ്യം അനുഷ്ഠിക്കേണ്ടതു ധർമ്മത്തെയാണ്." അതുതന്നെയാണു ഹൈന്ദവശാസ്ത്രം നിർബ്ബന്ധിക്കുന്നതും. ബുദ്ധമതക്കാർ ഈ കാൎയ്യത്തിൽ കണ്ണുമടച്ചുകൊണ്ടു ചെയ്തിട്ടുള്ള തീരുമാനത്താൽ ജീവിതമാർഗ്ഗത്തിൽ വലിയ കുഴപ്പംതന്നെ നേരിട്ടുപോയി. അഹിംസ പരമമായ ധർമ്മം തന്നെ; നിർവ്വൈരതയും വലിയൊരു ഗുണമാണ്. വാക്കുകളൊന്നും തരക്കേടില്ല. പക്ഷേ, ശാസ്ത്രം പറയുന്നു, നിങ്ങൾ ഗൃഹസ്ഥരാണ്. നിങ്ങളുടെ ചെകിടത്തു് ആരെങ്കിലും ഒരടി അടിച്ചാൽ പകരം പത്തടി അങ്ങോട്ടും അടിക്കുവാൻ സാധിച്ചില്ലെങ്കിൽ നിങ്ങൾ പാപം ചെയ്യുകയായിരിക്കും, എന്ന്. മനു പറയുന്നതെന്തെന്നു നോക്കുക:—

"ആതതായിനമായാന്തമപിവേദാന്തഗം രണേ
ജിഘാംസന്തം ജിഘാംസീയാൽ നതേന ബ്രഹ്മഹാഭവേൽ"

(തന്നെ കൊല്ലുവാൻ വരുന്നവൻ ബ്രാഹ്മണനായാലും അവനെ കൊല്ലു

ന്നതിൽ പാപമില്ല.) അക്ഷരംപ്രതി യഥാർത്ഥമായ ഈ തത്വം ഒരിക്കലും മറക്കുവാൻ പാടുള്ളതല്ല. "വീരഭോഗ്യാ വസുന്ധരാ" എന്നല്ലേ പ്രമാണം. വീര്യത്തെ പ്രകടിപ്പിച്ച്, സാമദാനഭേദദണ്ഡങ്ങളാകുന്ന ചതുരുപായങ്ങളേയും പ്രയോഗിച്ച് ഭൂമിയെ ഭരിക്കുക—ഐശ്വര്യത്തെ അനുഭവിക്കുക. അപ്പോഴേ നിങ്ങൾ ധാർമ്മികരാവുകയുള്ളു. നേരെമറിച്ച്, മററുള്ളവരുടെ ചവിട്ടും കുത്തും കൊണ്ടിട്ടും മിണ്ടാതെ കിടന്നിടത്തുതന്നെ ചുരുണ്ടുകൂടി കിടന്നു നാണംകെട്ട ജീവിതം നയിക്കുന്നപക്ഷം ഇഹലോകത്തിലും പരലോകത്തിലും ഒരുപോലെ നരകംതന്നെ ഫലം. ഇതാണ് ശാസ്ത്രസിദ്ധാന്തം. ശരിയാണത്— സത്യമാണത്— പരമാർത്ഥമാണത്. നിങ്ങൾ സ്വധർമ്മത്തെ ആചരിക്കുക. അന്യായം പ്രവർത്തിക്കരുത്. അക്രമം ചെയ്യരുത്; യഥാശക്തി പരോപകാരം ചെയ്യുക. എന്നാൽ തന്റെ നേരെ മററൊരുത്തൻ കാണിക്കുന്ന അന്യായത്തെ സഹിച്ചുകൊണ്ടിരിക്കുന്നതു ഗൃഹസ്ഥന്റെ പക്ഷത്തിൽ പാപമാണ്. അനീതി കണ്ടാൽ ഉടനെ അതിന് പ്രതിവിധി ചെയ്യണം. ഉത്സാഹപൂർവ്വം ധനസമ്പാദനം ചെയ്ത്, പുത്രകളത്രഭൃത്യാദികളെ വേണ്ടവിധം പരിപാലിച്ച പൊതുജനങ്ങൾക്കു ഹിതകരങ്ങളായ കാര്യങ്ങളിൽ പ്രവർത്തിക്കണം. ഇതു ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കു മനുഷ്യത്വമെവിടേ? നിങ്ങൾ ഗൃഹസ്ഥാശ്രമികൾ എന്ന പദത്തിന് അർഹരേ അല്ല. ആ നിങ്ങൾക്കാണോ മോക്ഷം ?

കർമ്മമൂലകമാണു ധർമ്മമെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കർമ്മശീലമാണ് ധാർമ്മികന്റെ ലക്ഷണം. കർമ്മം ചെയ്യാൻ വിധിക്കാത്ത വേദഭാഗങ്ങൾ വേദമേ അല്ല എന്നുകൂടി മീമാംസകന്മാർ അഭിപ്രായപ്പെടുന്നുണ്ട്. "ആമ്നായസ്യ ക്രിയാർത്ഥത്വാൽ ആനർത്ഥക്യം അതദർത്ഥാനാം" എന്നാണു ജൈമിനിസൂത്രം. "ഓങ്കാരധ്യാനേ സർവ്വാർത്ഥസിദ്ധിഃ" (ഓങ്കാരത്തിന്റെ ധ്യാനംകൊണ്ടു സർവ്വാർത്ഥങ്ങളും സിദ്ധിക്കും.) "ഹരിനാമജപേ സർവ്വപാപനാശഃ" (ഹരിനാമങ്ങൾ ജപിച്ചാൽ സകല പാപങ്ങളും നശിക്കും) "ശരണാഗതസ്യ സർവ്വാഭീഷ്ടസിദ്ധിഃ" (ഈശ്വരനെ ശരണം പ്രാപിച്ചാൽ സർവ്വാഭീഷ്ടങ്ങളും സാധിക്കും) എന്നും മററുമുള്ള മഹദ്വാക്യങ്ങൾ യഥാർത്ഥങ്ങൾതന്നെ. സംശയമില്ല. പക്ഷേ കാര്യത്തിന്റെ കിടപ്പു നോക്കു—ലക്ഷോപലക്ഷം ജനങ്ങൾ ഓംകാരത്തെ ജപിച്ചു ജപിച്ചു വായിലെ വെള്ളം മുഴുവൻ വററിച്ചുകളയാറുണ്ട്. ഭ്രാന്തുപിടിപെട്ടതുപോലെ രാവും പകലും ഈശ്വരനാമങ്ങളെ ഉച്ചരിക്കാറുണ്ട്;

"ഭഗവാനെ രക്ഷിക്കണേ!" എന്നിങ്ങനെ മുറവിളികൂട്ടാറുമുണ്ട്. എന്നിട്ട് അവൎക്കു കിട്ടുന്ന ഫലമോ—കുതിരമുട്ട! അതുകൊണ്ടു നാം മനസ്സിലാക്കേണ്ടതു് ഇതാണ്: കേവലജപാദികളെക്കൊണ്ടു കാൎയ്യമൊന്നുമില്ല. കൎമ്മം കൊണ്ടു ചിത്തശുദ്ധി വരുത്തിയതിനുശേഷം_യഥാൎത്ഥധാൎമ്മികനായിത്തീൎന്നതിനുശേഷം ഓംകാരത്തെ ജപിച്ചാൽ അതു് ഉത്തരക്ഷണത്തിൽ തന്നെ ഉദ്ദിഷ്ടഫലത്തെ പ്രദാനംചെയ്യും; ഹരിനാമങ്ങളെ ഉച്ചരിച്ചാൽ അതു അഗ്നിപാതംപോലെ അവന്ധ്യമായിത്തീരും; അഭയപ്രാൎത്ഥനചെയ്താൽ അതു് ഉടനടി അനൎത്ഥമായി പരിണമിക്കയും ചെയ്യും.

ഓരോ ജീവിയും ശക്തിപ്രകാശനത്തിനുള്ള ഓരോ കേന്ദ്രമാണ്. പൂൎവ്വകൎമ്മങ്ങളുടെ ഫലത്താൽ ആ ശക്തി ഓരോരുത്തനിലും സഞ്ചിതമായികിടപ്പുണ്ട്. അതുംകൊണ്ടാണ് മനുഷ്യൻ ഭൂമിയിൽ ജനിക്കുന്നതു്. ആ ശക്തി ഏതെങ്കിലും തരത്തിൽ പ്രവൃത്തിരൂപേണ പുറമേ പ്രകാശിക്കാതെ തരമില്ല. പ്രവൃത്തിക്കു ഫലരൂപത്തിലുള്ള ഒരനുഭവവും അവശ്യംഭാവിയാണ്. ആ സ്ഥിതിക്കു ദുഃഖാനുഭവത്തേക്കാൾ നല്ലതു സുഖാനുഭവമല്ലേ? ദുഷ്കൎമ്മത്തേക്കാൾ ഉത്തമം സൽക്കൎമ്മവുമല്ലേ? പൂജ്യപാദരായ ശ്രീരാമപ്രസാദൻ ഒരിടത്തു് ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

"നന്മയെന്നും തിന്മയെന്നും രണ്ടുകാൎയ്യങ്ങളുണ്ടിഹ
ഉണ്മയോടവയെപ്പാൎത്തു നന്മതാൻ ചെയ്കനിത്യവും."

നന്മ എന്നാലെന്താണ്? മുമുക്ഷുവിൻെറ ദൃഷ്ടിയാൽ അതു വേറൊരു തരത്തിലായിരിക്കും. ഗീതോപദേഷ്ടാവായ ശ്രീകൃഷ്ണഭഗവാൻ ഹിന്ദുക്കളുടെ സ്വധൎമ്മം ജാതിധൎമ്മമാണെന്നും മററും വളരെ വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. "നിൎവ്വൈരഃ സൎവ്വഭൂതാനാം മൈത്രഃ കരുണ ഏവച" ഇത്യാദി ഉപദേശമാകട്ടെ മുമുക്ഷുക്കളെ ഉദ്ദേശിച്ചു് ചെയ്യപ്പെട്ടിട്ടുള്ളതാണ്. "ക്ലൈബ്യംമാസ്മഗമഃപാൎത്ഥ" "തസ്മാത്ത്വമുത്തിഷ്ഠ യശോലഭസ്വ" എന്നും മററും ധൎമ്മലാഭത്തിനുള്ള ഉപായത്തെ നിൎദ്ദേശിച്ചുകൊണ്ടു ആ ജഗൽഗുരു ചെയ്തിട്ടുള്ള അനൎഘങ്ങളായ ഉപദേശങ്ങൾ ആ ഗ്രന്ഥത്തിൽ അനവധിയുണ്ട്. ഒരു കാൎയ്യം ശരിയാണ്.—കൎമ്മം ചെയ്വാൻ പുറപ്പെട്ടാൽ അതിൽ ഏതെങ്കിലും തരത്തിൽ പാപത്തിൻെറ അംശം വന്നു ചേരാതിരിക്കയില്ല. വരട്ടെ, എന്നാലും തരക്കേടില്ല എന്നാണ് ഞാൻ പറയുന്നതു്. തീരെ പട്ടിണികിടക്കുന്നതിനേക്കാൾ ഭേദമല്ലേ പാതിവയറു നിറയുന്നതു്? ഒരു കൎമ്മവും ചെയ്യാതെ ശുദ്ധ ജഡ

നായി കഴിഞ്ഞുകൂടുന്നതിനേക്കാൾ നല്ലതല്ലേ നന്മതിന്മകൾ ഇടകലൎന്ന വല്ല പ്രവൃത്തിയും ചെയ്യുന്നതു്. പശു കളവുപറയുകയില്ല; ചുമരു കക്കുകയുമില്ല. എന്നാലും പശു പശുവും ചുമരു ചുമരും തന്നെയാണ്. മനുഷ്യനാകട്ടെ കക്കാറുമുണ്ടു്; കളവുപറയാറുമുണ്ടു്; എന്നിട്ടും അവൻ ദിവ്യനായിത്തീരുന്നു. സത്വഗുണത്തിന്നു പ്രാധാന്യം ഉള്ളപ്പോൾ മനുഷ്യൻ നിഷ്ക്രിയനാകുന്നു; രജോഗുണത്തിന്റെ ആധിക്യത്തിൽ പാപപുണ്യമിശ്രമായ കർമ്മങ്ങൾ ചെയ്യുന്നു; തമോഗുണം അധികമായാൽ വീണ്ടും നിഷ്ക്രിയനും ജഡനും ആയിത്തീരുന്നു. ബാഹ്യദൃഷ്ടികൊണ്ടു നോക്കുമ്പോൾ ഈ നിഷ്ക്രിയാവസ്ഥയിൽപ്പെട്ട നാം സത്വപ്രധാനരോ തമഃപ്രധാനരോ എന്നു എങ്ങനെയാണ് വിവേചിച്ചറിയുക? സുഖദുഃഖങ്ങൾക്കതീതവും ശാന്തിമയവും ആയ സാത്വികാവസ്ഥയുടെ ഫലമായി കർമ്മങ്ങളിൽ വിരക്തരായി വൎത്തിക്കുന്നതോ, അതോ, നിർജ്ജീവവും ജഡാത്മകവുമായ താമസാവസ്ഥയുടെ ഫലമായ അശക്തതയാൽ ആക്രാന്തരായി ഒന്നിനും കഴിവില്ലാതെ അനുനിമിഷം അധഃപതിച്ചുപോകുന്നതോ എന്നുള്ള ചോദ്യത്തിന് ഉത്തരം എവിടെനിന്നു കിട്ടും? ഇതിനു ശരിയായ സമാധാനം വേണമെങ്കിൽ സ്വന്തം മനസ്സിനോടുതന്നെ ചോദിച്ചാൽ മതി. അഥവാ,

> "ഏകഭൂരുഹയോരേക ദലയോരേക കാണ്ഡയോഃ
> ശാലിശ്യാമാകയോൎഭേദഃ ഫലേന പരിചീയതേ."

എന്നുള്ളതുപോലെ ഫലംകൊണ്ടു് അനുമേയമായ ഈ കാൎയ്യത്തിൽ ഇങ്ങനെയുള്ള ചോദ്യത്തിനുതന്നെ അവകാശമില്ല. സത്വഗുണപ്രാധാന്യനായ മനുഷ്യൻ നിഷ്ക്രിയനും ശാന്തനുമായിത്തീരുന്നു. പക്ഷെ ആ നിഷ്ക്രിയത്വം കേന്ദ്രീഭൂതമായ മഹാശക്തിയുടെ സന്താനവും ആ ശാന്തി മഹാവീൎയ്യത്തിന്റെ പിതാവുമത്രെ. ആ മഹാപുരുഷനു നമ്മളെപ്പോലെ കരചരണാദ്യവയവങ്ങളെ ഇളക്കി പ്രവൎത്തിക്കേണ്ട ആവശ്യമില്ല. അദ്ദേഹത്തിന്റെ ഇച്ഛാമാത്രത്താൽ നിഷ്പ്രയാസം സകല കാൎയ്യങ്ങളും സ്വയം സിദ്ധങ്ങളായിത്തീരുന്നു. സത്വഗുണപ്രധാനനായ ആ മഹാപുരുഷനാണ് യഥാൎത്ഥബ്രാഹ്മണൻ. അദ്ദേഹം സൎവ്വലോകസംപൂജ്യനുമാണ്. "നിങ്ങൾ അദ്ദേഹത്തെ പൂജിക്കണം" എന്നു നാടുതോറും ചെന്നു കൊട്ടി അറിയിക്കേണ്ട ആവശ്യമൊന്നുമില്ല. "ഈ മഹാപുരുഷനെ സകലരും പൂജിക്കണം" എന്നു സാക്ഷാൽ ജഗദംബതന്നെ അദ്ദേഹത്തിന്റെ

കപാലഫലകത്തിൽ സ്വന്തം കൈകൊണ്ടു എഴുതിവിട്ടിട്ടുണ്ടു്. ആ ആദേശത്തെ ലോകം അവനതശിരസ്സായി അനുസരിക്കയും ചെയ്യും. ആ മഹാത്മാവാണു് "നിർവ്വൈരഃ സർവ്വഭൂതാനാം മൈത്രഃ കരുണ ഏവച" എന്നിങ്ങനെ നിർവ്വചിക്കപ്പെട്ടിരിക്കുന്നതു്. നേരെമറിച്ചു്, ജീവനില്ലാത്തതുപോലെ കുണുങ്ങിക്കുണുങ്ങിയുള്ള സംസാരം, കീറിപ്പറിഞ്ഞ തുണിക്കഷണങ്ങൾ, ഏഴെട്ടുദിവസത്തെ പട്ടിണികേട്ടുള്ളതുപോലെ പുറമെ കേൾക്കാത്തതരത്തിലുള്ള നേരിയ ഒച്ച, രണ്ടു ചെകിടത്തും കൈ കുഴയുന്നതുവരെ സമ്മാനം കൊടുത്താലും ഒരക്ഷരം മിണ്ടാത്തവിധത്തിലുള്ള ക്ഷമ—ഇതൊന്നും സത്വഗുണത്തിന്റെ അടയാളങ്ങളല്ല. അവ ദുഷിച്ച തമോഗുണത്തിന്റെ ദുർഗ്ഗന്ധപൂരിതമായ നിശ്വാസങ്ങൾ--മൃത്യുവിന്റെ ദയനീയചിഹ്നങ്ങൾ--മാത്രമാണു്. അർജ്ജുനൻ ഈ കൂട്ടത്തിൽ പെട്ടുപോയതുകൊണ്ടല്ലേ ഭഗവാൻ സവിസ്തരമായ ഗീതോപദേശത്താൽ അദ്ദേഹത്തിന്റെ ആ മൌഢ്യത്തെ അകററുവാൻ ഒരുമ്പെട്ടതു്. ഭഗവാന്റെ മുഖത്തുനിന്നും ആദ്യമായി പുറപ്പെട്ട ഉപദേശം എന്തായിരുന്നു? "ക്ലൈബ്യം മാസ്മഗമഃ പാർത്ഥ" എന്നല്ലേ? ഒടുവിലത്തെ ഉപദേശമോ? "തസ്മാത്ത്വമുത്തിഷ്ഠ യശോലഭസ്വ" എന്നും. ജൈനർ, ബൌദ്ധർ മുതലായവരുടെ ഇടയിൽ അകപ്പെട്ടതുകൊണ്ടു നമ്മളും ഈ തമോഗുണത്തിന്റെ പിടിയിൽപ്പെട്ടുപോയി. നാടു മുഴുവനും ഹരിനാമോച്ചാരണഘോഷത്താൽ മുഖരിതമാകുന്നു; "ദൈവമേ! ഭഗവാനേ!" എന്നുള്ള വിളി ദിക്കെങ്ങും മാറെറാലിക്കൊള്ളുന്നു. ഈശ്വരൻ അതൊന്നും കേൾക്കുന്നതേയില്ല.--അല്ലെങ്കിൽ എങ്ങനെയാണു കേൾക്കുക? മണ്ടന്മാരുടെ വാക്കുകൾ മനുഷ്യൻ തന്നെ ശ്രദ്ധിക്കാറില്ല. പിന്നെയാണോ ഈശ്വരൻ. ഭാരതത്തിനു് ഈ അവസ്ഥ വന്നുകൂടീട്ടു് ഇന്നേയ്ക്കു അനേകം ശതാബ്ദങ്ങൾ കഴിഞ്ഞു. ഇനിയെന്താണു ഇതിനു ഉപായം? എന്നാണു ചോദിക്കുന്നതെങ്കിൽ അതിനു സമാധാനം ഇതാ ഈ ഭഗവദ്വാക്യംതന്നെ:--

"ക്ലൈബ്യം മാസ്മഗമഃ പാർത്ഥ!"
"തസ്മാത്ത്വമുത്തിഷ്ഠ യശോലഭസ്വ!"

••••••••••••••••••••••

കലയും സന്മാൎഗ്ഗവും.

— എച്ച്.

I

കേരളസാഹിത്യത്തിന്റെ അഭ്യുദയത്തിൽ ആകാംക്ഷയുള്ളവരുടെയെല്ലാം ആശകൾ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ഒരു സമാജമാണല്ലോ സമസ്തകേരള സാഹിത്യപരിഷത്തു്. പരിഷത്തിന്റെ തൃശ്ശിവപേരൂർ വെച്ചു് കൂടിയ ദശമ സമ്മേളനത്തിന്നു്, അതീത സമ്മേളനങ്ങളെ അപേക്ഷിച്ചു് ഒരു വിശേഷമുണ്ടായിരുന്നു. പരിഷൽപരിപാടിയിലെ അപ്രധാനങ്ങളല്ലാത്ത ഇനങ്ങളായി വിവാദങ്ങളെക്കൂടി ഉൾപ്പെടുത്തിയിരുന്നു. വിവാദവിഷയങ്ങളിലൊന്നു് "കലയ്ക്കു സാന്മാൎഗ്ഗികമായ ഉദ്ദേശമില്ല" എന്നതായിരുന്നു. ഭാഗ്യവശാൽ ഈ പ്രമേയത്തെക്കുറിച്ചു വോട്ടെടുക്കുകയുണ്ടായില്ല. വോട്ടെടുത്തിരുന്നെങ്കിൽ അതു ഭാഷയ്ക്കും സാഹിത്യത്തിന്നും ദുൎയ്യശസ്സിന്നു കാരണമാകുമായിരുന്നു എന്നാണു് എന്റെ വിശ്വാസം. പ്രസിദ്ധ പണ്ഡിതന്മാരും ചിന്തകന്മാരുമായിരുന്നു വിവാദങ്ങളിലേൎപ്പെട്ടിരുന്ന ചിലരെങ്കിലും, വിഷയത്തെ അവർ വേണ്ടുംവിധം വിശകലനംചെയ്തു ചിന്തിച്ചിരുന്നുവോ എന്നു സംശയിക്കുന്നവർ പലരുണ്ടു്. പ്രസ്തുത പ്രമേയത്തെ അനുകൂലിച്ചവരിലൊരാൾ, ഈ പ്രമേയം തള്ളിക്കളയുന്നതായാൽ മഹാജനങ്ങൾ നിങ്ങളെ പുച്ഛിക്കും, അതുകൊണ്ടിതു് പാസ്സാക്കണം എന്നും, പ്രമേയത്തെ എതിൎത്തവരിലൊരാൾ "കല കലയ്ക്കുവേണ്ടി" എന്ന സിദ്ധാന്തം "ഉലക്ക ഉലക്കയ്ക്കുവേണ്ടി" എന്നതുപോലെ അൎത്ഥരഹിതമാണെന്നും പ്രസംഗിച്ചിരുന്നുവെന്നതോൎക്കുമ്പോഴാണു് പരിഷത്തിന്റേയും കാൎയ്യത്തിന്റേയും ഗൌരവം അൎഹിക്കുന്ന പ്രതിപാദനം അവിടെയുണ്ടായിട്ടില്ല എന്ന തോന്നൽ അൎത്ഥശൂന്യമല്ലെന്നു വെളിപ്പെടുന്നതു്. ഇതെഴുതുന്ന ആൾക്കു് അന്നത്തെ അപൂൎണ്ണതയെ പൂൎണ്ണമാക്കുവാൻ പുറപ്പെടത്തക്കവിധം ഔദ്ധത്യമില്ല. എങ്കിലും അന്നു പരിഷൽ സമ്മേളനത്തിൽ ഹാജരാകുന്നതിന്നു മുമ്പു കുറിച്ചു വെച്ച ചില ചിന്തകൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതൊരു ആപത്താകുമെന്നു വിചാരിക്കുന്നില്ല. വല്ലവരും വല്ലപ്പോഴും, ഈ നിത്യയൌവനമായ വിഷയത്തെ ഒന്നു പൂൎണ്ണമായി പ്രതിപാദിക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ അപ്പോൾ എന്റെ ചിന്തകളും ആ പൂൎണ്ണതയുടെ ഒരു കോണിൽ സ്ഥലം പിടിച്ചേക്കാം. അന്നെഴുതി വെച്ച ചില വരികളാണിപ്പോൾ താഴെ പകൎത്തുന്നതു്.

ചില സംഗതികളിൽ യോജിപ്പുണ്ട്.

'കലയ്ക്കു സാന്മാർഗ്ഗികമായ ഉദ്ദേശമില്ല' എന്ന പ്രമേയം സ്വീകാര്യമല്ല എന്നു വാദിക്കുന്ന ഒരാൾ കലയ്ക്കു സാന്മാർഗ്ഗികമായ ഒരുദ്ദേശമുണ്ട് എന്നു സ്ഥാപിക്കേണ്ട ആവശ്യമില്ലെന്നു സമ്മതിക്കേണ്ടതാണ്. ഇല്ലെന്നു പറയാൻ പാടില്ല എന്നു മാത്രമേ ആയാൾ തെളിയിക്കേണ്ടതുള്ളു. ഏതു വിവാദത്തിലും കക്ഷിപ്രതികക്ഷികൾ തമ്മിൽ, ചില മൂലതത്വങ്ങളെ സംബന്ധിച്ചേടത്തോളമെങ്കിലും യോജിപ്പുണ്ടെങ്കിൽ മാത്രമേ, ആ വിവാദത്തിന്നൊരവസാനമോ, അതിനെക്കൊണ്ടൊരു പ്രയോജനമോ ഉണ്ടാവുകയുള്ളു. കലയെന്താണ്, ഉദ്ദേശമെന്താണ്, സാന്മാർഗ്ഗികമായ ഉദ്ദേശമെന്താണ് എന്നിവയെ സംബന്ധിച്ചേടത്തോളം അഭിപ്രായഭേദമുള്ളവർ ഇങ്ങനെയൊരു വിവാദത്തിലേർപ്പെട്ടാൽ, വ്യത്യസ്തങ്ങളായ നാലു വാദപ്രതിവാദങ്ങൾ അവർ തമ്മിൽ നടത്തേണ്ടിവരും. അങ്ങനെയൊരു വിവാദത്തിന്നിവിടെ ആവശ്യമോ സൌകര്യമോ അവസരമോ ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു പ്രായേണ ഈ നിർവ്വചനങ്ങളെ സംബന്ധിച്ചേടത്തോളം യോജിപ്പുണ്ടെന്നുതന്നെ വിചാരിച്ചുവേണം വിവാദത്തിൽ പങ്കുകൊള്ളുവാൻ.

പ്രമേയത്തിന്റെ വ്യാപ്തി.

എന്നാൽ കലകൾ എന്താണെന്നതിനെസ്സംബന്ധിച്ചേടത്തോളം നമ്മുടെയിടയിൽ യോജിപ്പുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. കലകളെ പ്രായോഗിക കലകളെന്നും, ലളിതകലകളെന്നും സാമാന്യേന രണ്ടു തരമായി വിഭജിച്ചിട്ടുണ്ടല്ലോ. പ്രായോഗിക കലകളെ സംബന്ധിച്ചാണ് ഇവിടെ വിവക്ഷയെന്നും, അതിലും പ്രത്യേകിച്ച് സാഹിത്യകലയെയാണ് വിവക്ഷിച്ചിട്ടുള്ളതെന്നും സദസ്സിന്റെ സ്വഭാവം കൊണ്ടനുമാനിക്കേണ്ടിയിരിക്കുന്നു. പക്ഷെ, ഇങ്ങനെയൊരു വിവാദത്തിലെ പ്രമേയം കേവലം കലയെക്കുറിച്ചുമാത്രം പ്രസ്താവിക്കുമ്പോൾ, ഔപയോഗികങ്ങളോ, ലളിതങ്ങളോ ആയ ഏതെങ്കിലും കലകളിലൊന്നിനെസ്സംബന്ധിച്ചുമാത്രം ഈ പ്രമേയം നിരപേക്ഷകമാണെന്നു കണ്ടാൽകൂടി അതു തള്ളിക്കളയണം.

ഉദ്ദേശമുണ്ട്.

പ്രായോഗികകലകളെ സംബന്ധിച്ചാണെങ്കിൽ അവയ്ക്കൊരു ഉദ്ദേശമുണ്ടെന്നു സമ്മതിച്ചേ തീരൂ. അതിരിക്കട്ടെ. ആലയനിർമ്മാണം

ഒരു ലളിത കലയാണ്. അതിന്നൊരുദ്ദേശവുമുണ്ട്. ഈ ഉദ്ദേശം സാന്മാർഗ്ഗികമാവാമെന്നുള്ളതിന്നു ഒന്നാംതരമൊരുദാഹരണമാണ്, ദേവാലയങ്ങൾ. ദേവാലയങ്ങൾ വേശ്യാലയങ്ങളോ, വിടാലയങ്ങളോ, ജാത്യാലയങ്ങളോ ആയി ഇന്നു മാറിയിട്ടുണ്ടെന്ന്, ഒരാൾ വാദിക്കുകയാണെങ്കിൽതന്നെ അതിനെ സംബന്ധിച്ചേടത്തോളം ഉദ്ദേശം ഉത്തമവും സാന്മാർഗ്ഗികവുമായിരുന്നു എന്നുള്ളതിന്നു സംശയമില്ല. മററു കലകൾക്കു ഇതൊരു മാതൃകയായി എടുത്താൽ മതി. ഈ വിഷയം ഇതിലധികം വിസ്തരിക്കുവാൻ നിർവ്വാഹമില്ലാത്തതിൽ വ്യസനിക്കുകതന്നെ വേണ്ടിയിരിക്കുന്നു. മററു ലളിതകലകളെ സമീപിക്കുമ്പോഴാണ് വിഷമങ്ങൾ അധികം നേരിടുന്നതു്. അവയെ നിർവ്വചിക്കുകയോ അവക്കുള്ള സാമാന്യധർമ്മങ്ങളെ പ്രതിപാദിക്കുകയോ അത്ര എളുപ്പമല്ല. ഈ ലളിതകലകളിൽതന്നെ പ്രാധാന്യത്തിന്ന് ഏററക്കുറച്ചിലുകൾ ഉണ്ടെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. സാഹിത്യമാണ് ലളിതകലകളുടെ കൂട്ടത്തിൽ സർവ്വപ്രധാനമെന്നും, അതാണ് സാക്ഷാൽ ബ്രഹ്മാനന്ദാനുഭവത്തിനോട് ഏററവും സമീപിച്ചുനില്ക്കുന്ന ആനന്ദാനുഭൂതിയുളവാക്കുന്നതെന്നും പറയുന്നു. സാഹിത്യക്കാരാണ് ലളിതകലക്കാരുടെ കൂട്ടത്തിൽ ഏററവും അധികം ശബ്ദമുണ്ടാക്കുന്നവർ (Vocal) എന്നുള്ളതിനാലും അവക്കാണ് നമ്മെ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ അധികം എളുപ്പം എന്നുള്ളതിനാലും ഇക്കാര്യത്തിൽ അവരുടെ പ്രാമാണ്യം വകവെച്ചുകൊടുക്കേണ്ടിവരുമെന്നാണ് തോന്നുന്നതു്. അതുകൊണ്ടു ലളിതകലകളുടെ മാതൃകയ്ക്കു നാം സാഹിത്യത്തെ സ്വീകരിക്കുന്നതിന്നു വിരോധമില്ല.

കലാനിർവ്വചനം.

എന്താണ് കല? ആദ്യം പറഞ്ഞതുപോലെ പലരുടേയും അനുഭവങ്ങളും അഭിപ്രായങ്ങളും വ്യത്യസ്തങ്ങളായിരിക്കുന്നു. കലയ്ക്കു സാന്മാർഗ്ഗികമായ ഒരു പ്രയോജനം അവശ്യം ആവശ്യമാണെന്നു വാദിക്കുന്ന കലാകാരന്മാർ എത്രയോ പേരുണ്ട്. അവരുടെ നിർവ്വചനം അംഗീകരിക്കുന്നപക്ഷം വിവാദം അർത്ഥശൂന്യമായിത്തീരുന്നു. കുറെക്കൂടി താണ പടിയിലുള്ള നിർവ്വചനങ്ങൾ സ്വീകരിക്കുന്നതായാൽകൂടിയും എന്റെ വാദം നിലനില്ക്കുമെന്നു കാണിക്കുവാനാത്രേ ഞാനിച്ഛിക്കുന്നതു്. ഉത്തമങ്ങളായ ചിന്തകളാണ് സാഹിത്യമെന്നു എമേർസൺ പറയുന്നു. മനുഷ്യന്റെ മനസ്സിനെ സമ്പന്നമാക്കുന്നതും, അതിനെ മുന്നോട്ടു നയിക്കുന്നതും സുവ്യക്തമായ ഒരു ധർമ്മ

സത്യം (തത്വം) വെളിപ്പെടുത്തുന്നതും, നിത്യമായ ഏതോ ഒരു വികാരത്തെ (രസത്തെ) അതിന്റെ ഉള്ളിലോളം പ്രകാശിപ്പിച്ചുകാട്ടുന്നതും വിശാലവും മനോഹരവുമായ ഒരു ഭാഷാരീതിയുള്ളതുമായ പുസ്തകങ്ങളാണ് സാഹിത്യഗ്രന്ഥങ്ങൾ, എന്നു സെൻറ് ബെയൊ (Saint-Beouve) പറയുന്നു. മോർലി അഭിപ്രായപ്പെടുന്നതു ഇങ്ങിനെയാണ്: "ഒരു വിശാലതയോടും സമതയോടുംകൂടി ആകൎഷകമായ രീതിയിൽ ധാർമ്മികസത്യത്തേയും മനുഷ്യവികാരത്തേയും സ്പൃശിക്കുന്ന എല്ലാ പുസ്തകങ്ങളും സാഹിത്യമാകുന്നു." മനുഷ്യന്റെ ചിന്താഗതിയും ഹൃദയത്തിന്റെ പ്രചോദനങ്ങളും സത്യം ധർമ്മം എന്നിവയെപ്പററിയുള്ള മനുഷ്യന്റെ ബോധത്തിനുണ്ടായ ഗതിവിഗതികളും അന്വേഷിക്കുന്ന ആളാണ് സാഹിത്യവിദ്യാൎത്ഥിയെന്നും മോർലി അഭിപ്രായപ്പെടുന്നു.

ആനന്ദപ്രദായകത്വം.

ഈ നിൎവ്വചനങ്ങളെല്ലാംതന്നെ ചിന്തയ്ക്കും ധർമ്മചിന്തയ്ക്കും പ്രാധാന്യംനല്കുന്നവയാണ്. പൌരസ്ത്യർ കാവ്യനിൎവ്വചനം ചെയ്തിരിക്കുന്നതു്, രമണീയാൎത്ഥപ്രതിപാദകമായ ശബ്ദം കാവ്യമെന്നാണു. ഒരു പ്രസിദ്ധപാശ്ചാത്യനിരൂപകൻ കലയെ ഇങ്ങിനെ നിൎവ്വചിക്കുന്നു: "ശക്തിയേറിയ അനുഭവത്തേയോ അനുഭവങ്ങളേയോ ഒരു പ്രത്യേക ഉദ്ദേശത്തെ മുൻനിൎത്തി മററുള്ളവരെ അറിയിക്കുന്ന ഒരു ക്രമത്തിനാണ് കല എന്നു പേർ. (A. M· Mackenzie–The Process of Literature). ഈ ഉദ്ദേശം എന്താണ് ഉണ്ടാകുന്നതു്, എന്നും മററുമുള്ള ചോദ്യങ്ങൾക്കു ഉത്തരം പറയുക തല്ക്കാലം സാദ്ധ്യമല്ല. പക്ഷെ ഒന്നു പറയേണ്ടതുണ്ടു്. മനുഷ്യന്റെ അനുഭവങ്ങളെ.–വികാരഭരിതമായ, അഥവാ ശക്തിയേറിയ, അനുഭവങ്ങളെ–മററൊരാളിലേക്കു സംക്രമിപ്പിക്കുന്നവിധത്തിന്നാണു കല എന്ന പേർ എന്നു പറഞ്ഞുവല്ലൊ. റെംബ്രാൻട് (Rembrandt) ഒരു കശാപ്പുകാരന്റെ പീടികയുടെ ചിത്രം വരച്ചപ്പോൾ അദ്ദേഹം ചിത്രീകരിച്ചതു് ആ പീടികയെ അല്ല; അതിന്റെ നിഴലിൽനിന്നും വെളിച്ചത്തിൽനിന്നും നിറത്തിൽനിന്നും തനിക്കുണ്ടായ ആനന്ദത്തെയാണ്. ഈ "ആനന്ദം" എന്നു പറയുന്നതു മനുഷ്യാനുഭവത്തിന്റെ ഏതു വശത്തുനിന്നും, ഏതു ക്രൂരമായ അനുഭവത്തിൽനിന്നും ജനിക്കാവുന്നതാണ്. ദുരന്തകഥകളിൽ നമുക്കു് അനുഭവമാകുന്ന ആനന്ദം അതിന്നു ദൃഷ്ടാന്തവുമാണ്.

കാമവും കലയും.

ഏതു നിലയിലും ഒരു ആനന്ദം കലയുടെ അവിഭാജ്യഘടകമാണെന്നു് ആരും സമ്മതിക്കും. കലാവാസന അല്ലെങ്കിൽ സാഹിത്യവാസന കാമവികാരത്തിൻെറ ഒരു വകഭേദമാണെന്നും, ഉയൎന്ന നിലയിലുള്ള ഒരു രൂപഭേദം (Sublimation) ആണെന്നും മററും പറയുന്ന ഒരു കൂട്ടരുണ്ടു്. കാമവികാരത്തിൻെറ ഫലോന്മുഖത്വത്തിൽ ഉണ്ടാകാവുന്ന ക്ഷണികമായ ആനന്ദത്തിൻെറ സ്ഥിരമായ ഒരു രൂപമെന്ന നിലയിൽ, കാമവികാരജന്യമായ സന്തോഷത്തെക്കാൾ എത്രയോ വലുതായ ഒരു ആനന്ദമാണു് സാഹിത്യത്തിൽനിന്നു ജനിക്കുന്നതെന്നതിനാൽ കാമനിവൃത്തിയെ അപേക്ഷിച്ച് സാഹിത്യവ്യവസായം ഉൽകൃഷ്ടംതന്നെ. അവയുടെ ഫലങ്ങളെ സംബന്ധിച്ചു മാത്രം അഭിപ്രായവ്യത്യാസമുണ്ടാകാം. എന്തായാലും സാഹിത്യത്തിനും മററു കലകൾക്കും ആനന്ദപ്രദായകത്വമെന്ന ഒരു ഗുണം പൊതുവിലുണ്ടു്. മാത്രമല്ല, കാമവികാരത്തിൻെറ ഒരു വകഭേദമാണു് കാലാവാസന എങ്കിൽ, കാമവികാരം കലാവാസനയായി മാറുന്നതിൽ തന്നെ മിക്കവാറും സാന്മാൎഗ്ഗികമായ ഒരു ഉദ്ദേശം അന്തൎഭവിച്ചിട്ടുണ്ടെന്നും സമ്മതിക്കേണ്ടി വരും.

ഉദ്ദേശം.

ഇനി ഉദ്ദേശത്തെപ്പററിയാണു് ആലോചിക്കുവാനിരിക്കുന്നതു്. കലയ്ക്കു് ഉദ്ദേശമില്ല എന്നൊരാൾ പറയുന്നു. ഉദ്ദേശം ഇച്ഛാശക്തി (Will) യും ബോധാവസ്ഥയും (Consciousness) ഉള്ള ഒരു വസ്തുവിന്നു മാത്രമേ ഉണ്ടാവുകയുള്ളുവെന്നു സാധാരണ ആളുകൾ വിശ്വസിക്കുന്നു. ഒരു കല്ലു വല്ലതും ഉദ്ദേശിക്കുന്നുവെന്നു പറഞ്ഞാൽ അതാരും വിശ്വസിക്കുകയില്ല. കല്ലിന്നു് ഇച്ഛാശക്തിയും ബോധാവസ്ഥയും രണ്ടുമില്ല. ഒരു വിധത്തിൽ നോക്കിയാൽ കലയും അങ്ങിനെതന്നെ, ഇച്ഛാശക്തി, ബോധാവസ്ഥ എന്നിവ ഇല്ലാത്തതാണു്. അതുകൊണ്ടു് ആ അഭിപ്രായത്തിൽ കലയ്ക്കു് ഉദ്ദേശമില്ലെന്നു് ആരും സമ്മതിക്കും. പിന്നെ സാന്മാർഗ്ഗികമായ ഉദ്ദേശത്തിൻെറ കഥ പറയുവാനുമില്ലല്ലൊ. അങ്ങിനെയൊരു വ്യാഖ്യാനം മാത്രമാണു് ഈ പദത്തിന്നു് ഉണ്ടായിരുന്നതെങ്കിൽ, ആരും പ്രമേയത്തെ എതിൎക്കുകയില്ല. എന്നു മാത്രമല്ല ഇത്ര സ്വയം വ്യക്തമായ ഒരു പരമാൎത്ഥത്തെ സദസ്സിന്നു മുമ്പാകെ കൊണ്ടുവന്നു പരിഷത്തുപോലെയുള്ള ഒരു മഹാസഭയെ അപമാനിക്കുവാൻ അന്നത്തെ

അവതാരകനെപ്പോലെയുള്ള മാന്യന്മാർ ഒരുകാലത്തും മുതിരുമായിരുന്നു മില്ല.

ഉദ്ദേശം പ്രയോജനത്തെ കുറിക്കുന്നു.

പിന്നെ ഉദ്ദേശമെന്ന പദത്തെ എതു അർത്ഥത്തിലെടുക്കണം? ഒരാൾ ചവിട്ടുപടിയിലിട്ട ഒരു കരിങ്കല്ലിനെ മുൻനിർത്തി മററൊരാളോടു പറയുകയാണ്, "കാലു തേച്ചുകഴുകുകയാണ് ആ കല്ലിൻെറ ഉദ്ദേശം." ഇതു സാധാരണമായ ഒരു സംഭാഷണശൈലിയാണ്. അതിന്നു സാധാരണമായ ഒരു അർത്ഥവുമുണ്ട്. ഒരുപക്ഷെ പരിഷത്തുപോലെ യുള്ള സദസ്സിലെ മഹാപണ്ഡിതന്മാർ ആരും അത്തരം ഒരു അർത്ഥം ആ വാക്കിന്നു കല്പിക്കുകയില്ലായിരിക്കാം. എങ്കിലും അതുകൂടി സംഭാവ്യമാണ്. അങ്ങിനെയുള്ള ഒരു സദസ്സ് ഇത്തരം ഒരു പ്രമേയം പാസ്സാക്കുമ്പോൾ അവതാരകൻ വിവക്ഷിച്ച ഒരു അർത്ഥം മാത്രമേ, അതിലുണ്ടാകാവൂ എന്നു തിട്ടപ്പെടുത്തിയതിന്നുശേഷംവേണം അങ്ങിനെ ചെയ്യുവാൻ. ഞാനിപ്പറഞ്ഞ "കല്ലിൻെറ ഉദ്ദേശം" എന്ന പദങ്ങളിൽ "കല്ലിൻെറ പ്രയോജന"മാണ് വിവക്ഷ, എന്നു വ്യക്തമാണ്. അങ്ങിനെയാണെങ്കിൽ, കലയ്ക്കു ഒരു പ്രയോജനമുണ്ടോ, ഉണ്ടെങ്കിൽ അതു സാന്മാർഗ്ഗികമാണോ എന്നായിരിക്കുന്നു ഇവിടെ നമുക്ക് ആലോചിക്കുവാനുള്ള പ്രശ്നം. അതിൻെറ ഉത്തരം നമുക്കു പിന്നീടു ആലോചിക്കാം.

ഉദ്ദേശം കർത്താവിൻെറതാണ്.

വേറെ വല്ലവിധത്തിലും ഇതിനെ വ്യാഖ്യാനിക്കുവാൻ നിവൃത്തിയുണ്ടോ? കലയുടെ ഉദ്ദേശം കലാകാരൻെറ ഉദ്ദേശമാണ് എന്നു വല്ലവരും പറഞ്ഞേക്കും. അപ്പോൾ കലാകാരന്നു സാന്മാർഗ്ഗികമായ ഉദ്ദേശമുണ്ടോ എന്നായിരിക്കുന്നു നമ്മുടെ ചിന്താവിഷയം. അതാണ് നിർദ്ദേശിച്ചിട്ടുള്ളതെങ്കിൽ, കലാകാരന്നു സാന്മാർഗ്ഗികമായ ഉദ്ദേശമില്ല എന്നുതന്നെ ആക്കാമായിരുന്നു പ്രമേയം. അതു ചെയ്യിട്ടില്ലാത്തതുകൊണ്ടു പ്രമേയം ആ അർത്ഥത്തിൽ അംഗീകരിക്കുന്നതു് ഒരു വഞ്ചനയായിരിക്കും. എന്നു മാത്രമല്ല, ഇതു പ്രത്യക്ഷത്തിൽ അബദ്ധമാണെന്നു തെളിയിക്കുവാനും വിഷമമില്ല. എത്രയോ കലാകാരന്മാർ തങ്ങളുടെ കലാസൃഷ്ടിയുടെ ആരംഭത്തിൽതന്നെ അതു സാന്മാർഗ്ഗികമായ ഒരു ഉദ്ദേശത്തെ മുൻനിർത്തിക്കൊണ്ടു ചെയ്യപ്പെട്ടിട്ടുള്ളതാണെന്നു വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടു്. ടോൾസ്റ്റോയി, റസ്കിൻ, വിക്ടർ ഹ്യൂഗോ മുതലായവർതന്നെ ഒന്നാന്തരം ഉദാഹരണങ്ങൾ. അവരെല്ലാം തങ്ങളുടെ കൃതി

കൾ സാന്മാർഗ്ഗികമായ ഒരു ലക്ഷ്യം വെച്ചാണ് എഴുതിയിട്ടുള്ളതെന്നു പരസ്യമായി പറയുന്നു. അവൎക്ക് അവരുടെ മനസ്സ് അറിഞ്ഞുകൂടായിരുന്നുവെന്നും അവരുടെ മനസ്സിലുണ്ടായിരുന്നത് നമുക്കാണ് കൂടുതലായി അറിയുകയെന്നും കരുതുവാൻ—പ്രത്യക്ഷത്തിൽത്തന്നെ തെററായ ഒരു കരുതലാണതു്—മാത്രം ഔദ്ധത്യം നമുക്കുണ്ടെങ്കിലല്ലാതെ ഈ പ്രമേയം സ്വീകരിക്കുവാൻ നിവൃത്തിയുള്ളൂ. അതുപോലുള്ള ഔദ്ധത്യം കേരളീയൎക്കില്ലെന്നുതന്നേ വിശ്വസിക്കാം.

സാന്മാർഗ്ഗികം

ഇങ്ങിനെ നോക്കിയാൽ കലകൾ സാന്മാർഗ്ഗികമായ ഒരു പ്രയോജനമുണ്ടോ എന്ന പ്രശ്നം മാത്രമാണ് അവശേഷിക്കുന്നതു്. ഇവിടെ ഒരു പുതിയ പ്രശ്നം ഉത്ഭവിക്കുന്നു. എന്താണ് സാന്മാർഗ്ഗികം എന്നുവെച്ചാൽ? ധൎമ്മം, പരിശുദ്ധി, സൽസ്വഭാവം, സന്മാർഗ്ഗം എന്നിവയെ എല്ലാം കുറിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾക്ക് അനുദിനമെന്നപോലെ മാററങ്ങൾ സംഭവിക്കുന്നുണ്ട്. "പാവങ്ങളി"ലെ ജീൻവാൽജീൻ—ഴാങ്ങ വാൽ ഴാങ്ങനെക്കുറിച്ചാണു ഞാൻ പറയുന്നതു്. കള്ളനായിരുന്നിട്ടും പത്തൊമ്പതു കൊല്ലം തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നിട്ടും ആയാൾ ഒരു നല്ല മനുഷ്യനാണ്; സിസ്റ്റർ സിംപ്ലിസ് പറഞ്ഞ ഒരു "കളവു" സത്യത്തേക്കാൾ പ്രകാശം നിറഞ്ഞതാണ്. ഹാർഡി (Hardy)യുടെ ടെസ്സ (Tess)നെ അദ്ദേഹം പരിശുദ്ധ വനിത (A Pure Woman) എന്നു വിളിക്കുന്നു. ഇതെല്ലാം, സാന്മാർഗ്ഗികങ്ങളെന്നു വിശ്വസിക്കപ്പെട്ടുപോന്ന പഴയ ചില തത്വങ്ങൾക്കു വിരുദ്ധമാണ്. അപ്പോൾ സാന്മാർഗ്ഗികമെന്നു പറയുന്ന ആ വിശേഷണത്തിന്നു കാലാന്തരത്തിൽ അൎത്ഥഭേദം സംഭവിക്കുന്നുവെന്നോ അല്ലെങ്കിൽ സന്മാർഗ്ഗത്തെക്കുറിച്ചുള്ള നമ്മുടെ ബോധത്തിന്നു മാററം വരുന്നുവെന്നോ ഇതിൽനിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു. "Anna Kerenina" — (Tolstoy) യേയും "ടെസ്സ"നേയും അസാന്മാർഗ്ഗികങ്ങളെന്നു പറയുന്ന ആളുകളുണ്ട്. അവ ഉത്തമങ്ങളായ സാന്മാർഗ്ഗിക ഗ്രന്ഥങ്ങളാണെന്നു മററു പലരും അഭിപ്രായപ്പെടുന്നു.

ഈ നിലയിൽ എന്താണു സാന്മാർഗ്ഗികം? ഏററവും നല്ല ഒരു നിൎവ്വചനം ഗീതയിൽ കാണുവാൻ നമുക്കു സാധിക്കുന്നു. ലോകത്തിന്റെ നന്മയ്ക്കുള്ള കൎമ്മങ്ങളെല്ലാം സൽകൎമ്മങ്ങളായും ലോകത്തിന്റെ നന്മയിലേക്കു നയിക്കുന്ന വഴികളെല്ലാം സന്മാർഗ്ഗങ്ങളായും ഗണിക്കണം.

ശാകടായനൻ.

— വിദ്വാൻ, ഗോവിന്ദൻ കുട്ടിനായർ.

വൈയാകരണവരേണ്യനായ പാണിനിമഹർഷിയുടെ കാലത്തിന്നും എത്രയോ മുമ്പുതന്നെ സംസ്കൃതഭാഷ ശബ്ദശാസ്ത്രവിഷയത്തിൽ സുഷ്ഠും മുന്നിട്ടുനിന്നിരുന്നുവെന്നുള്ളതു നിരാക്ഷേപമാണ്; ആചാര്യൻ തന്നെ ശാകല്യൻ, ശാകടായനൻ, ഗാർഗ്യൻ, ഭാരദ്വാജൻ, ആപിശാലി, കാശ്യപൻ, സ്ഫോടായനൻ, ചാക്രവർമ്മണൻ, സേനകൻ, ഗാലവൻ എന്നീ പത്തു വൈയാകരണന്മാരുടെ നാമം സ്വഗ്രന്ഥത്തിൽ സ്മരിച്ചിട്ടുണ്ടു്; കൂടാതെ ‘പ്രാചാം’ ‘ഉദീചാം’ ‘ആചാര്യാണാം’ ‘ഏകേഷാം’ എന്നീ സങ്കേതാന്തരങ്ങൾകൊണ്ടും സ്വാനുശാസനങ്ങളിൽനിന്നു വിഭിന്നമായ സിദ്ധാന്തങ്ങളെടുത്തുകാണിക്കുന്നു. ആദ്യം പറഞ്ഞ ആചാര്യന്മാരെല്ലാം ശബ്ദശാസ്ത്രപരമായി സ്വതന്ത്രമായ സിദ്ധാന്തങ്ങളുള്ളവരും അതാതു കാലങ്ങളിൽ തദ്വിഷയകമായി പ്രാമാണ്യം വഹിച്ചിരുന്നവരുമായിരിക്കണം. എന്നാൽ ഇവർ ഏതേതുകാലത്തു ജീവിച്ചിരുന്നുവെന്നോ ഇവരുടെ ചിന്തയ്ക്കു് എത്രത്തോളം വ്യാപ്തിയുണ്ടായിരുന്നുവെന്നോ അറിയുന്നതിന്നു യാതൊരു മാർഗ്ഗവുമില്ലാതെയാണിരിക്കുന്നതു്. നൈരുക്തികന്മാരിൽ സർവ്വഥാ അഗ്രഗണ്യനായ യാസ്കൻ പോലും ശാകല്യശാകടായനാദികളുടെ നാമം അനുസ്മരിച്ചുകാണുന്നു; എന്നുമാത്രമല്ല, ശാകടായനമതങ്ങളെപ്പററിയും പ്രാസംഗികമായി സിദ്ധാന്തരൂപേണ പ്രതിപാദിക്കാതിരിക്കുന്നില്ല. ആദിമവൈയാകരണന്മാരിൽ എല്ലാംകൊണ്ടും പ്രാമാണികന്മാർ ശാകല്യൻ, ശാകടായനൻ, ഗാർഗ്യൻ എന്നീ മൂന്നുമഹർഷിമാരാണു്. പിൽക്കാലത്തു് പാണിനി, കാത്യായനൻ, പതഞ്ജലി, ഇവർക്കുണ്ടായിരുന്ന സ്ഥാനമാണു് വൈദികകാലത്തു മുൻപറഞ്ഞ ആചാര്യന്മാർക്കുണ്ടായിരുന്നതു്. നിർഭാഗ്യവശാൽ, ആധുനികലോകത്തിനു് ഇവരെക്കുറിച്ചു സിദ്ധിച്ചിട്ടുള്ള ജ്ഞാനം ഏററവും നിസ്സാരമാണെന്നു പറയേണ്ടിയിരിക്കുന്നു. ഇതിന്നു കാരണം ശബ്ദശാസ്ത്രാന്തരിക്ഷത്തിൽ ഉജ്ജ്വലമായ തേജസ്സോടുകൂടിയ പാണിനീയപ്രഭാപുഞ്ജം ഉദിച്ചുയർന്നതല്ലാതെ മറെറാന്നുമല്ല. പാണിനിയുടെ അനുപമവും അമൂല്യവുമായ വ്യക്തിമാഹാത്മ്യത്തിൽ ഇതരവൈയാകരണന്മാരെല്ലാം എന്നന്നേയ്ക്കുമായി വിസ്മൃതന്മാരായി; അവരുടെ ചിന്താഫലങ്ങൾ അപൂർണ്ണങ്ങളും അവ്യക്തങ്ങളുമായി.

ശാകടായനന്റെ ജീവിതകാലം നിൎണ്ണയിക്കുന്നതിന്നു പറയത്തക്ക യാതൊരു ലക്ഷ്യങ്ങളുമില്ല. യാസ്കാദികൾപോലും സംസ്മരിച്ചുകാണുന്ന സ്ഥിതിക്ക് അദ്ദേഹം വൈദികാലത്താണ് ജീവിച്ചിരുന്നതെന്നു സംശയംകൂടാതെ പറയാം. ശുക്ലയജുൎവ്വേദത്തിന്റെ പ്രാതിശാഖ്യസൂത്രത്തിലും അനുക്രമണിയിലും തൽകൎത്താവായ കാത്യായനൻ * ശാകല്യശാകടായനാദികളെക്കുറിച്ച് പ്രസ്താവിച്ചുകാണുന്നുണ്ടു. അതുപോലെതന്നെ ഋഗ്വേദപ്രാതിശാഖ്യത്തിലും ഇവർ സ്മൃതന്മാരായിരിക്കുന്നു. ഇവയുടെ കാലം സൂത്രസാഹിത്യത്തിന്നു മുമ്പും വൈദികസൂക്തങ്ങൾക്കു പിമ്പുമായിട്ടാണിരിക്കുന്നതു്. ആരണ്യകങ്ങളും ബ്രാഹ്മണങ്ങളും ഋഷികളുടെ, ഈ ഇടക്കാലത്തെ ചിന്താസന്താനങ്ങളാകുന്നു; ഇവയിലാണ് 'ആയന'ശബ്ദവിശിഷ്ടങ്ങളായ പേരുകൾ സുലഭമായിക്കാണുന്നതു്. ആശ്വലായനൻ, ആഗ്നിവേശ്യായനൻ, ശാണ്ഡില്യായനൻ തുടങ്ങിയ നാമങ്ങൾ യഥാക്രമം അശ്വലൻ, അഗ്നിവേശ്യൻ, ശാണ്ഡില്യൻ തുടങ്ങിയവയിൽനിന്നുണ്ടായവയാണല്ലോ. അശ്വലാദികൾ ഓരോ ഋഷികുടുംബങ്ങളുടേയും കൂടസ്ഥന്മാരായിരിക്കണം. കൂടസ്ഥന്മാരുടെ നാമങ്ങളോടു സംഘടിപ്പിച്ചു പിൽക്കാലത്തുള്ളവരെ നിൎദ്ദേശിക്കുന്ന പതിവു് ആൎയ്യന്മാരുടെ ഇടയിൽ സാൎവ്വത്രികമായിരുന്നു. ആത്മാനാമം ഗുരുവിന്റെ നാമം മുതലായവയൊന്നും പറവാൻ പാടില്ലെന്നാണല്ലോ പ്രാകൃതനമതം. അതായിരിക്കണം ഓരോ കുടുംബക്കാരും കുലകൂടസ്ഥന്റെ പേരുകൊണ്ടു തങ്ങളേയും നിൎദ്ദേശിച്ചുപോരാനുണ്ടായ കാരണം. ഈ വിലക്ഷണസമ്പ്രദായം സംസ്കൃതസാഹിത്യത്തിൽ, വിശേഷിച്ചും വൈദികസാഹിത്യത്തിൽ, ഗവേഷണം നടത്തുന്നവൎക്കു് അനല്പമായ കുഴപ്പത്തിന്നു കാരണമായിത്തീൎന്നിട്ടുണ്ടു്. ഏതായാലും അതങ്ങനെ ഇരിക്കട്ടെ. ശാകടായനൻ എന്ന സംജ്ഞയുടെ സമ്പ്രദായം നോക്കുമ്പോൾ, അദ്ദേഹം ഏകദേശം വൈദികകാലത്തിന്റെ അവസാനഘട്ടത്തോടടുത്തു ജീവിച്ചിരുന്ന ആളായിരിക്കാനാണിടയുള്ളതെന്നുമാത്രമേ നമുക്കിവിടെ മനസ്സിലാക്കേണ്ടതായിട്ടുള്ളു. ഇദ്ദേഹത്തിന്റെ ജന്മദേശമേതായിരുന്നുവെന്ന സംഗതിയും ചിന്തനീയമാണ്. എന്നാൽ ഊഹമാത്രശരണ

---

* അദ്ദേഹം വാൎത്തികകാരനായ കാത്യായനനല്ല; അദ്ദേഹത്തിന്നും എത്രയോ പൂൎവ്വികനാണ്. പ്രതിഹാരസൂത്രം, ഉപഗ്രന്ഥസൂത്രം, സൎവ്വാനുക്രമണി, കൎമ്മപ്രദീപം തുടങ്ങി കാത്യായനനിൎമ്മിതങ്ങളായ പല ഗ്രന്ഥങ്ങളുമുണ്ടു്. കൂടാതെ വൈദ്യം നിഘണ്ടു തുടങ്ങിയവയിലും കാത്യായനനെക്കുറിച്ചുള്ള പ്രതിപാദനങ്ങൾ കാണുന്നു. ഇവരെല്ലാം കാത്യായനഗോത്രത്തിൽ ഓരോ കാലത്തായി ജീവിച്ചിരുന്നവരാണ്.

മായിട്ടാണിരിക്കുന്നതു്. വൈദികകാലത്തിന്റെ അവസാനംവരെയ്ക്കും ഋഷികുടുംബങ്ങൾ ഇന്ത്യയുടെ തെക്കുകിഴക്കൻ ഭാഗങ്ങളിൽ അത്രയധികം വ്യാപിച്ചിരുന്നില്ല. പാണിനിപോലും പശ്ചിമോത്തരപ്രദേശങ്ങളിലാണല്ലോ, ജീവിച്ചിരുന്നതു്. അവിടങ്ങളിലെ തക്ഷശിലാദികളായ സംസ്കാരകേന്ദ്രങ്ങൾ പാണിക്കും പ്രാക്തനങ്ങളായിരുന്നു. വൈദികചിന്തയെ വളർത്തിക്കൊണ്ടുവരുന്നതിനു തക്ഷശിലാദികേന്ദ്രങ്ങൾ കുറെ സഹായിച്ചിട്ടുണ്ടെന്നാണനുമാനിക്കേണ്ടിയിരിക്കുന്നതു്. തക്ഷശിലയുടെ ഈ പ്രസിദ്ധി ഋഷികുടുംബങ്ങളുടെ സാമീപ്യംകൊണ്ടു സിദ്ധിച്ചതായിരിക്കണം ഇതിൽനിന്നെല്ലാം ശാകടായനനും പശ്ചിമോത്തരദേശീയനായിരിക്കാനാണിടയുള്ളതെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു.

'ഉണാദിസൂത്ര'ങ്ങളുടെ കർത്താവെന്ന നിലയിലാണു ശാകടായനൻ പഴമക്കാരുടെ ഇടയിൽ അറിയപ്പെടുന്നതു്. എന്നാൽ ഉണാദികളുടെ കർതൃത്വം ആ ആചാര്യനിൽ ആരോപിക്കുന്നതിന്റെ ഔചിത്യമെന്താണെന്ന സംഗതിയിൽ ആരും ഇതേവരെ ആധാരികമായ ഒരഭിപ്രായം ആവിഷ്കരിച്ചു കണ്ടിട്ടില്ല. എന്നു മാത്രമല്ല, ആധുനികന്മാരിൽ പ്രാമാണികന്മാരായ ചിലർ ഈ അഭിപ്രായത്തിന്റെ യുക്തിഹീനത്വം സ്ഥാപിച്ചു കാണുന്നുണ്ടുതാനും. പാണിനി ഉണാദികളെ സ്മരിച്ചിരിക്കുന്ന സമ്പ്രദായം നോക്കിയാലും അവ ശാകടായനപ്രണീതങ്ങളായിരിക്കാനിടയില്ലെന്നു കാണാവുന്നതാണു്. നാമങ്ങൾ ആഖ്യാതജങ്ങളാണെന്നുള്ള ശാകടായനമതം, യാസ്കൻ തന്റെ നിരുക്തത്തിൽ ഒരിടത്തു് ഉദ്ധരിക്കുന്നുണ്ടു്. ആദിമവൈയാകരണന്മാരിൽ ശാകടായനൻ മാത്രമേ ഈ സിദ്ധാന്തത്തെ അത്ര മുറുകെ പിടിച്ചിരുന്നുള്ളുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഗാർഗ്യാദികൾ ഇതിന്നു് അത്രദൂരം അനുകൂലികളായിരുന്നില്ലെന്നു് യാസ്കൻതന്നെ പറയുന്നുണ്ടു്. ഉണാദികളാണെങ്കിൽ ശാകടായനന്റെ മതത്തോടു തികച്ചും അനുകൂലിച്ചിരിക്കുന്നു; ശാകടായനപ്രണീതങ്ങളായ അന്യഗ്രന്ഥങ്ങളൊന്നും കാണുന്നില്ലതാനും. അതിനാൽ അഭിപ്രായസാദൃശ്യമവലംബിച്ചു് ഉണാദികൾ ശാകടായനപ്രണീതങ്ങളാണെന്നു ജനങ്ങൾ വിശ്വസിച്ചുപോന്നിരിക്കണം. പക്ഷെ, പാണിനിക്കുപോലും ഉണാദികളുടെ കർത്താവു അജ്ഞാതനായിരുന്നിരിക്കാം; അല്ലാത്തപക്ഷം നാമനിർദ്ദേശം ചെയ്യത്തക്കവണ്ണം ആ ആചാര്യൻ പ്രാമാണികനല്ലായിരുന്നിരിക്കാം. അതുമല്ലെങ്കിൽ 'ഭിക്ഷുസൂത്രങ്ങ'ളും 'നടസൂത്രങ്ങ'ളും പോലെതന്നെ ഉണാദിസൂത്രങ്ങളും അന്നു ജന

സാമാന്യത്തിന്നിടയിൽ സുപ്രസിദ്ധമായിരുന്നിരിക്കണം. ഏതായാലും പലേടത്തും ശാകടായനന്റെ നാമംതന്നെ സാദരം സ്മരിച്ചുകാണുന്ന പാണിനി, ഉണാദികൾ തൽപ്രണീതങ്ങളായിരുന്നെങ്കിൽ 'ഉണാദയോ ബഹുലം' എന്നിങ്ങനെ കേവലം ഒഴുക്കൻ രീതിയിൽ ഒരു സൂത്രം നിബന്ധിക്കുമായിരുന്നില്ല. പാണിനീയസൂത്രങ്ങളിൽനിന്നു് ഉന്നയിക്കാവുന്ന ശാകടായനസിദ്ധാന്തങ്ങളെ സൂക്ഷിച്ചു പരിശോധിച്ചാൽ ആ ആചാൎയ്യന്റെ ശബ്ദശാസ്ത്രപരമായ ചിന്തയുടെ പരിധി ഉണാദികളിൽ പ്രതിപാദിച്ചിട്ടുള്ളതിൽനിന്നും എത്രയോ വിസ്തൃതമാണെന്നു കാണാവുന്നതാണു്. ഇനി ഉണാദിസങ്കേതങ്ങൾക്കു വൈദികകാലത്തോളം—ശാകടായനന്റെ കാലത്തോളം—പഴക്കമുണ്ടോ എന്നാണു് ആലോചിപ്പാനുള്ളതു്. ആ സംഗതിയും വാദവിമുക്തമല്ല. പാണിനീയസങ്കേതങ്ങളിൽ പലതും പൂൎവ്വാചാൎയ്യകല്പിതങ്ങളാണെന്നുള്ളതു പരമാൎത്ഥംതന്നെ; പക്ഷേ അവ ആദിമവൈയാകരണസൃഷ്ടങ്ങളാണെന്നുള്ളതിലേക്കു് എന്തു തെളിവാണുള്ളതു് ?

'ശബ്ദാനുശാസന'മെന്ന ഒരു വ്യാകരണഗ്രന്ഥമുണ്ടു്; ഇതിന്നു 'ചിന്താമണിവൃത്തി' എന്നൊരു വിവരണവും കാണുന്നു. വിവരണകാരൻ 'യക്ഷവൎമ്മാ'വെന്ന ഒരു ജൈനപണ്ഡിതനാണു്. യക്ഷവൎമ്മാവു ശബ്ദാനുശാസനത്തിന്റെ കൎത്തൃത്വം ശാകടായനനിലാണു സമൎപ്പിക്കുന്നതു്. എന്നു മാത്രമല്ല ശാകടായനനേയും അദ്ദേഹം ഒരു ജൈനമതാനുയായിയായി കല്പിക്കുന്നു. പ്രാതിശാഖ്യങ്ങളിൽ പ്രതിപാദിതനായിരിക്കുന്ന പൌരാണികശാകടായനനും ശബ്ദാനുശാസനത്തിന്റെ കൎത്താവായി യക്ഷവൎമ്മാവു പറയുന്ന ശാകടായനനും ഒരാളായിരിക്കാനിടയില്ല. ശബ്ദാനുശാസനകൎത്താവു പക്ഷേ സാക്ഷാൽ ശാകടായനന്റെ വംശപരമ്പരയിൽപെട്ട അംഗമായിരുന്നിരിക്കാം. ബുദ്ധനും ജൈനമതസ്ഥാപകനായ വൎദ്ധമാനമഹാവീരനും ഏകദേശം സമകാലീനന്മാരായിരുന്നുവല്ലൊ. ബുദ്ധമതസാഹിത്യഗ്രന്ഥങ്ങളിൽ, ബുദ്ധന്റെ സമകാലീനന്മാരായി പ്രസ്താവിച്ചുകാണുന്ന ആചാൎയ്യന്മാരിൽ പലരുടേയും പേരുകൾ വൈദികസാഹിത്യത്തിൽ, പ്രത്യേകിച്ചും, സൂത്രസാഹിത്യത്തിൽ, സുലഭമായി കാണുന്നവയാണു്. കാത്യായനൻ, കൌണ്ഡിന്യൻ, കാത്യായനീപുത്രൻ, മൈത്രായണീപുത്രൻ, വാസുപുത്രൻ, അഗ്നിവേശ്യൻ, പൌഷ്കരശാദി എന്നീ പേരുകൾ ഉദാഹരണമായെടുക്കാം. ഇവരെല്ലാം

വൈദികഋഷികളുടെ കുടുംബപരമ്പരയിൽ പെട്ടവരായിരിക്കാം. അതുപോലെ ആദിമശാകടായനന്റെ ഗോത്രവും ജൈനമതകാലംവരെ നിലനിന്നുകൂടാത്തതല്ലല്ലോ. കുടുംബങ്ങളിൽ പലതും പരമ്പരായാസംസ്കാരസംബദ്ധങ്ങളായ വിഷയങ്ങളിൽ മാത്രം വ്യാപരിച്ചുപോന്നതായി കാണുന്നുണ്ട്. കാത്യായനഗോത്രം ഇതിന്നൊരു ഉത്തമദൃഷ്ടാന്തമാണ്. പല കാലങ്ങളിലായി വിജ്ഞാനത്തിന്റെ വിവിധശാഖകളിലും വൈദഗ്ദ്ധ്യം നേടിയ എത്രയോ കാത്യായനന്മാർ ഉണ്ടായിരുന്നുവെന്നു മുമ്പൊരിടത്തു പറഞ്ഞിട്ടുണ്ടല്ലോ.

ബ്യൂളർ, ബർണ്ണൽ തുടങ്ങിയുള്ള പാശ്ചാത്യഗവേഷകന്മാർ ശബ്ദാനുശാസനത്തിന്റെ കർത്തൃത്വം വൈദികകാലത്തെ ശാകടായനനിൽ തന്നെ വെച്ചുകെട്ടുന്നതിന്നു് ഒട്ടധികം സാഹസപ്പെട്ടിട്ടുണ്ട്. ശബ്ദാനുശാസനത്തിന്നും അഷ്ടാധ്യായിക്കും തമ്മിലുള്ള ആത്യന്തികമായ സാമ്യത്തെ അടിസ്ഥാനപ്പെടുത്തി, ആദ്യത്തേതിനെ ഉപജീവിച്ചു തുലോം വിസ്തൃതമാക്കി വിരചിച്ചതായിരിക്കണം രണ്ടാമത്തേതെന്നു അവർ സിദ്ധാന്തിക്കുന്നു. അഷ്ടാധ്യായിയുടെ ജനകസ്ഥാനംപോലും ശബ്ദാനുശാസനത്തിന്നു കൊടുപ്പാൻ സായ്പന്മാരെ പ്രേരിപ്പിച്ച മനോഭാവം ശാകടായനനോടുള്ള സവിശേഷാദരമല്ലാതെ മറ്റൊന്നുമായിരിക്കാനിടയില്ല. എന്നാൽ ബർണ്ണൽ ഇക്കാര്യത്തിൽ കുറേക്കൂടി വീണ്ടുവിചാരം ചെയ്യുകാണുന്നു. ശബ്ദാനുശാസനത്തിന്റെ കർത്തൃത്വത്തെ സംബന്ധിച്ചേടത്തോളം അദ്ദേഹം ബ്യൂളരോടു യോജിക്കുന്നുണ്ട്. പക്ഷെ ശാകടായനൻ അനുശാസിക്കുന്ന വ്യാകരണനിയമങ്ങളിൽ പലതും തദുപാർജ്ജിതങ്ങളായിരിക്കാമെന്നുള്ളതിനോടൊപ്പം തന്നെ പാണിനീയാനുപ്രാണിതങ്ങളുമാകാമെന്നൊരു പുതിയ സിദ്ധാന്തം അദ്ദേഹം കൊണ്ടുവരുന്നു. ചില നിയമങ്ങൾ പാണിനിയെ മാത്രമല്ല, കാത്യായന—വാർത്തികകാരൻ—നേയും പതഞ്ജലി—ഭാഷ്യകാരൻ—യെക്കൂടിയും ഉപജീവിച്ചു നിബന്ധിച്ചതാകണമെന്നുപോലും അദ്ദേഹത്തിന്നഭിപ്രായമുണ്ട്. വെബ്ബർ ഈ രണ്ടഭിപ്രായങ്ങളോടും അനുകൂലിക്കുന്നു. ശബ്ദാനുശാസനത്തിന്റെ കർത്താവു് ശാകടായനൻ തന്നെ; അതിൽ പതഞ്ജലിക്കും നവീനങ്ങളായി കാണുന്ന നിബന്ധനകൾ പിൽക്കാലത്തു് ആരെങ്കിലും എഴുതിച്ചേർത്തതായിക്കൂടായ്കയില്ലാത്തതിനാൽ ബ്യൂളറുടെ വാദം ഭദ്രമാകാമെന്നു് അദ്ദേഹവും സിദ്ധാന്തിക്കുന്നു. ഇങ്ങനെ പാശ്ചാത്യഗവേഷകന്മാർ ഏറെക്കുറെ ശബ്ദാനുശാസനത്തിന്റെ കർത്തൃത്വം ശാകടായനനിൽതന്നെയാണു് ആരോപിക്കുന്നതു.

യക്ഷവൎമ്മാവു് ശബ്ദാനുശാസനകാരനെ 'മഹാശ്രമണ സംഘാധിപതി' എന്ന ഒരു പദംകൊണ്ടു് വിശേഷിപ്പിക്കുന്നു. ഇതിൽ നിന്നു ജൈനമതാനുയായികളുടെ ഇടയിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന പ്രാമാണ്യം വേണ്ടുവോളം വിശദമാകുന്നുണ്ടല്ലോ. ജൈനന്മാർ സംസ്കൃതസാഹിത്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അതിന്റെ നാനാ ശാഖകളിലും വളരെയധികം പരിശ്രമിച്ചവരാണു്. പാണിനീയത്തിന്റെ കാഠിന്യവും കലുഷതയും കണ്ടു് അതിലെ നിബന്ധനകളെ, കാർത്യായനന്റേയും പതഞ്ജലിയുടേയും അഭിപ്രായങ്ങളടക്കം, അദ്ധ്യേതാക്കൾക്കു സുഗ്രഹമാകത്തക്കവണ്ണം കുറെക്കൂടി ലഘൂകരിച്ചു വിരചിച്ചതായിരിക്കണം ശബ്ദാനുശാസനം. ഒരുപക്ഷേ ശാകടായനഗോത്രജാതനും ജൈനമതാനുയായിയുമായ ഒരാചാര്യൻ തന്നെയായിരിക്കാം അതിന്റെ നിൎമ്മാതാവും. ശബ്ദാനുശാസനത്തിലെ ഭാഷ്യാനുസാരികളായ നിബന്ധനകൾ, പിൽക്കാലത്തു പ്രക്ഷിപ്തങ്ങളാണെന്നു സങ്കല്പിക്കുന്നതിനേക്കാൾ തൽക്കൎത്താവു് പതഞ്ജലിക്കുശേഷം ജീവിച്ചിരുന്നുവെന്നും അതിനാൽ ഭാഷ്യവുമായി പരിചയപ്പെട്ടിരിക്കണമെന്നും ഊഹിക്കുന്നതാണു് ഭദ്രമായിരിക്കുക. അതല്ലാതെ സായിപ്പന്മാർ പറയുന്നതുപോലെ വൈദികകാലത്തെങ്ങോ ജീവിച്ചിരുന്ന ശാകടായനൻ, മഹാഭാഷ്യത്തിന്നുശേഷം ഒരു പുതിയ വ്യാകരണഗ്രന്ഥവുംകൊണ്ടു് പുറത്തു ചാടിയെന്നോ ചിന്തകാഗ്രേസരനും സൎവ്വതന്ത്രസ്വതന്ത്രനുമായ പാണിനിമഹൎഷി താൻ സാദരം പൂജിച്ചുപോന്ന ഒരാചാര്യന്റെ ശാസ്ത്രഗ്രന്ഥത്തെ ഊതി വീൎപ്പിച്ചു തന്റേതാക്കി പുറത്തു വിട്ടുവെന്നോ വിശ്വസിക്കുന്നതിന്നു യാതൊരു യുക്തിയും കാണുന്നില്ല.

ഉണാദികളും ശബ്ദാനുശാസനവും ശാകടായനപ്രണീതമല്ലെന്നു കണ്ടുവല്ലോ. എന്നാൽ പ്രാമാണികനായ ഈ ആചാൎയ്യന്റെ വകയായി ഏതെങ്കിലും ശബ്ദശാസ്ത്രഗ്രന്ഥമുണ്ടായിരിക്കണമെന്നുള്ളതു നിൎവ്വിവാദമാണു്. ഋഷിത്രയത്തിന്നു് ആ ഗ്രന്ഥം സുപരിചിതവുമായിരുന്നു. ശാകടായനന്റെ കാലത്തു വൈദിക ഭാഷയിൽനിന്നു ലൗകികഭാഷ വിഭിന്നമായിരിക്കാനിടയില്ലാത്തതിനാൽ പ്രസ്തുതഗ്രന്ഥം വൈദികസംസ്കൃതത്തെ പരാമർശിച്ചുകൊണ്ടുള്ളതായിരിക്കണം. പാണിനീയത്തിൽ വൈദിക ലൗകികങ്ങൾക്കൊരുപോലെ സമഗ്രമായ സ്ഥാനം സിദ്ധിച്ചതുകൊണ്ടു് പൂൎവ്വാചാര്യ പ്രണീതങ്ങളായ ഗ്രന്ഥങ്ങളുടെ ആവശ്യകത ഇല്ലാതായിപ്പോയതിനാൽ ശാകടായനന്റെ ചിന്താഫലങ്ങളും ഖിലീഭൂതമായിപ്പോയെന്നേ കരുതാനുള്ളൂ.

വിദ്യാധരി *

(സംക്ഷിപ്തനാടകം)

—പി. സുഭദ്ര.

കഥാപാത്രങ്ങൾ.

വിദ്യാധരി—ഒരു വേശ്യ.
രാമപ്യാരി—വിദ്യാധരിയുടെ ഒരു സഖി.
ഭോലി—വിദ്യാധരിയുടെ ദാസി.
ദിലാവർസിംഹൻ—വിദ്യാധരിയുടെ സ്നേഹിതൻ.
ഹരചരണസിംഹൻ, രാമപാലൻ, അഹമദ് ഹസൻ—സ്വയം സേവ(കന്മാർ.
സ്വാമി ആത്മാനന്ദൻ—ഒരു സന്യാസി.

രംഗം 1.

(ഒരു സുന്ദരഭവനത്തിലെ അലംകൃതമായ മുറി)

സമയം—രാത്രി.

(വിദ്യാധരി കവിളിൽ വിരൽ ഊന്നിക്കൊണ്ടു ചാരുകസാലമേൽ ചിന്താമഗ്നയായി കിടക്കുന്നു. ഭോലി അവളുടെ മുമ്പിൽ പരവതാനിയിൽ അടയ്ക്ക മൊരി കളഞ്ഞുകൊണ്ടിരിക്കുന്നു. ഇതിനിടയിൽ രാമപ്യാരി അകത്തേയ്ക്കു വരുന്നു. വിദ്യാധരി പിടഞ്ഞു എഴുന്നേൽക്കുന്നു.)

വിദ്യാധരി—അയാൾ ഇതുവരെ പോയില്ലേ ?

രാമ—ഇല്ല.

വിദ്യാ—ഉണർന്നിരിക്കയാണോ ?

രാമ—അതെ, അയാൾ സംസാരിക്കുന്നതിന്റെ ശബ്ദം എന്റെ മുറി വരെ എത്തുന്നുണ്ട്.

വിദ്യാ—ഇന്നു ദിലാവർസിംഹൻ വരുമെന്നു പ്രതിജ്ഞ ചെയ്തിരുന്നു. അയാളും വന്നില്ല.

രാമ—വന്നു; പക്ഷേ മടങ്ങിപ്പോയിരിക്കണം.

വിദ്യാ—അങ്ങനെയൊരിക്കലുമുണ്ടാവില്ല. അത്തരക്കാരനല്ല ദിലാവർസിംഹൻ.

ഭോലി—(ഉറക്കെ) ദിലാവർസിംഹനെപ്പറ്റി എന്താണു പറഞ്ഞുകൊ

---

* 'സുദർശനൻ' എന്ന മാന്യകവി വിരചിച്ചിട്ടുള്ള ഒരു കൃതിയുടെ ഏകദേശ വിവർത്തനം.

ണ്ടിരിക്കുന്നതു്. അദ്ദേഹം ഇന്നു വന്നിരുന്നു. ഞാൻ പറവാൻ മറന്നുപോയി.

വിദ്യാ—മണ്ടത്തി, നീ എല്ലാ സംഗതിയും മറക്കും. (വലിയ ശബ്ദത്തോടുകൂടി) എപ്പോഴാണ് ?

ഭോലി—ഉച്ചയ്ക്കു്, എന്നിട്ടു തിരിച്ചുപോയി.

വിദ്യാ—എന്താണ് മടങ്ങിപ്പോയതു് ?

ഭോലി—അപ്പോഠം കണ്ടില്ലേ ?

രാമപ്യാരി—ഇല്ല, എല്ലാം പറയൂ.

ഭോലിപ(വിദ്യാധരിയോടു്) അദ്ദേഹം വന്നിരുന്നു, കുട്ടികഠം അദ്ദേഹത്തെ തടഞ്ഞു നിൎത്തി. വളരെ നേരം കലഹിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം അവരെ തള്ളി മാററിയിട്ടു പറഞ്ഞു. ഞാൻ തിീച്ചയായും പോകും. ഇതു കേട്ടിട്ടു് ആ വികൃതികഠം വഴിയിൽ കിടന്നു. ദിലാവർസിംഹൻ കുറച്ചുനേരം എന്തോ അവരോടു സംസാരിച്ചു. എന്നിട്ടു പിന്നെ മടങ്ങിപ്പോയി.

വിദ്യാ—(ദീൎഘശ്വാസത്തോടുകൂടി) അയ്യോ! ഈശ്വരാ!

ഭോലി—വളരെ ചീത്തകുട്ടികഠം. എന്നെ കണ്ടിട്ടു ചിരിക്കുന്നു. എനിക്കും ചെറപ്പമായിരുന്നു എന്നുള്ളതു വിചാരിക്കുന്നില്ല.

രാമ—ഭാ, പിന്നേയും നിൻെറ യൗവനത്തിൻെറ ഓൎമ്മ വന്നു.

ഭോലി—ശകാരിക്കയാണ്, ചൂലുകൊണ്ടടിച്ചിട്ടു മുഖം പൊളിക്കും.

രാമ—എൻെറ മുഖത്തു് അടിക്കുകയോ ?

ഭോ—എന്തു പറഞ്ഞു—എൻെറ മുഖം ചീത്തയാണ്. പിന്നോ, ഇന്ദ്രൻെറ അപ്സരസ്സല്ലേ.

രാമ—പിശാചു്, ഇനിയും യൌവനമാണെന്നാണു കരുതുന്നതു്, പോയി മുഖം ഒന്നു കഴുകി വാ.

ഭോ—ഞാൻ മുഖം കഴുകിയില്ലെന്നു ആർ പറയുന്നു.

വിദ്യാ—(സകോപം ഉച്ചസ്വരത്തിൽ) ഭോലി, പോ, മറെറ മുറിയിൽ പോ.

ഭോലി—നിങ്ങളും ഈ വികൃതിപ്പെണ്ണിൻെറ പക്ഷം പിടിക്കുകയാണ്.

വിദ്യാ—കൊള്ളാം. എൻെറ തല തിന്നരുതു്.

വിദ്യാ—(ഉച്ചസ്വരത്തിൽ) ഞാൻ പറഞ്ഞില്ലേ, മറെറ മുറിയിൽ പോകു!

(ഭോലി പോകുന്നു)

വിദ്യാ—എന്റെ മനസ്സ വ്യാകുലമായിരിക്കുന്നു. ഇനി എന്താണാവോ സംഭവിക്കുന്നതു്.

രാമ—എനിക്കും ഒന്നും മനസ്സിലാക്കുവാൻ കഴിയുന്നില്ല.

വിദ്യാ—ഈ കാവൽ തുടങ്ങിയിട്ട എത്ര ദിവസം കഴിഞ്ഞു.

രാമ—നാളെ രാവിലേയ്ക്കു നാലു ദിവസമാവും.

വിദ്യാ—നല്ല കുടുംബത്തിൽപ്പെട്ട കുട്ടികളാണു്. ഞങ്ങൾ ചൂടുവെള്ളം ഒഴിച്ചു. അവർ അനങ്ങിയില്ല. ഞങ്ങൾ കല്ലു് എറിഞ്ഞു. അവർ മിണ്ടിയില്ല. ഞങ്ങൾ ശകാരിച്ചു. അവർ ചിരിച്ചുകൊണ്ടിരുന്നു. ഇനി എന്തുപായമാണുള്ളതു്. നമുക്കു വിശപ്പുകൊണ്ടു മരിക്കേണ്ടിവരും, രാമപ്യാരി!

രാമ—പറയൂ.

വിദ്യാ—കുറച്ചു നീയും പറഞ്ഞുതരൂ.

രാമ—അനുസരിക്കുമൊ?

വിദ്യാ—അനുസരിക്കാവുന്നതു എന്തുകൊണ്ടു അനുസരിക്കില്ല. ഒന്നു പറയൂ. എന്താ പറയുന്നതു്.

രാമ—ഇവരുടെ തലവൻ വളരെ സുന്ദരനാണു്.

വിദ്യാ—പിന്നെയോ?

രാമ—അദ്ദേഹത്തെ വിവാഹം കഴിച്ചേക്കൂ, എന്റെ അഭിപ്രായം ഇതാണു്. എന്നാൽ ഈ കാവൽ നീങ്ങും.

വിദ്യാ—ഇതു് നേരം പോക്കിനുള്ള സമയമല്ല. എന്റെ ജീവിതമരണപ്രശ്നമാണു്.

രാമ—ഇപ്പോൾ കരയുന്നതുകൊണ്ടു എന്തു സാധിക്കും. (വിദ്യാധരി എഴുന്നേററു മുറിയിൽ ലാത്തുന്നു. പെട്ടെന്നു നില്ക്കുന്നു. പിന്നേയും ലാത്തുന്നു. പിന്നെയും നില്ക്കുകയും രാമപ്യാരിയുടെ നേരെ നോക്കുകയും ചെയ്യുന്നു.) മണി ൧൧ അടിക്കുന്നു.

വിദ്യാ—മണി ൧൧ അടിച്ചോ? ഇപ്പോഴും അവക്കു ഉറക്കം വരുന്നില്ലയോ.

രാമ—അവർ മുഴുവൻ രാത്രിയും ഉണന്നുകൊണ്ടിരിക്കുന്നു.

വിദ്യാ—എനിക്കു ഒരു ഉപായം തോന്നുന്നുണ്ടു്.

രാമ—എന്തു്? അവരോടു സംസാരിക്കാം.

വിദ്യാ—ഇതു് അവരുടെ ഒരു വലിയ തെററാണെന്നു അവരെക്കൊണ്ടു

സമ്മതിപ്പിക്കുകയും ചെയ്യാം. ഇതിൽ യാതൊരു ദോഷവുമില്ലെന്നാണ് എനിക്കു തോന്നുന്നത്.

രാമ—എന്നാൽ അവരെ നിനക്കു സമ്മതിപ്പിക്കാൻ കഴിയുമോ?

വിദ്യാ—ഉവ്വ്, കഴിയുമെന്നാണു വിചാരിക്കുന്നത്.

രാമ—എന്നാൽ പിന്നെ എന്തുവേണം? തീച്ചയായും ശ്രമിക്കുക.

വിദ്യാ—നിങ്ങൾ പോയിട്ടു ആരെങ്കിലും ഒരാളെ വിളിച്ചുകൊണ്ടുവരു.

രാമ—(ചിരിച്ചിട്ടു) വളരെ നല്ലത്.

(രാമപ്യാരി പോകുന്നു. വിദ്യാധരി എഴുന്നേററിട്ടു തന്റെ ഏററവും കമനീയമായ വസ്ത്രം ധരിച്ച് കണ്ണാടിയുടെ മുമ്പിൽ നിൽക്കുന്നു. പെട്ടെന്നു ഒരു കാലടി കേൾക്കുന്നു. വിദ്യാധരി ഞെട്ടിയിട്ടു കസാലയിന്മേൽ ഇരിക്കുകയും ഉറുമാലിൽ ചിത്രവേലയാരംഭിക്കയും ചെയ്യുന്നു. രാമപ്യാരിയും അഹമ്മദ്ഹസനും രാമപാലനും ഹരചരണസിംഹനൊരുമിച്ചു മുറിയിലേക്കു വരുന്നു. വിദ്യാധരി ഹരചരണസിംഹന്റെ നേരെ കണ്ണിമയ്ക്കാതെ നോക്കുന്നു.)

ഹരചരണസിംഹൻ—(പരവധാനിയിന്മേൽ നോക്കിക്കൊണ്ടു) ആജ്ഞ എന്താണ്?

വിദ്യാ—താങ്കൾ ഞങ്ങളെ പട്ടിണിയിട്ടു കൊല്ലുവാനായിട്ടു ഒരുങ്ങിപ്പുറപ്പെട്ടിരിക്കുന്നത് എന്തിനാണെന്നു ചോദിക്കുവാൻ ആഗ്രഹിക്കുന്നു.

ഹർ—നിങ്ങൾ നന്നാവുന്നതിനുവേണ്ടിയിട്ടുതന്നെ.

വിദ്യാ—എന്നാൽ ഞങ്ങൾ അതിനു ആഗ്രഹിക്കുന്നില്ല. ഈ സ്ഥിതിക്കു നിങ്ങളുടെ പ്രയത്നം വെറുതെയാണ്. (വ്യത്ഥമാണ്.)

ഹർ—നിങ്ങൾ ആഗ്രഹിച്ചാലും ശരി, ആഗ്രഹിച്ചില്ലെങ്കിലും ശരി, ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രയത്നിക്കും.

വിദ്യാ—എന്തിന്?

ഹർ—എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ഈ പ്രവൃത്തി പാപമാണ്.

വിദ്യാ—കൊള്ളാം, ഞാൻ നിങ്ങളോടു ഒരു ചോദ്യം ചോദിക്കട്ടെ.

ഹർ—(മിണ്ടാതിരിക്കുന്നു.)

വിദ്യാ—നിങ്ങൾ സ്വാരാജ്യം ആഗ്രഹിക്കുന്നുവോ?

ഹർ—ഉവ്വ്, ആഗ്രഹിക്കുന്നുണ്ടു്.

വിദ്യാ—അതിൽ താങ്കൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കുമോ?

ഹർ—തീച്ചയായും.

വിദ്യാ—എന്നാൽ ഞങ്ങൾക്കും സ്വാതന്ത്ര്യത്തിന്റെ കുറച്ചു ഭാഗം കിട്ടുമോ, ഇല്ലയോ.

ഹർ—നിങ്ങൾക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ വ്യഭിചരിക്കുന്നതിനല്ല. പ്രകാശമുണ്ടെങ്കിലും ജ്വലനം ഇല്ലാത്ത സ്വരാജ്യമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സൗന്ദര്യമുണ്ടായിരിക്കണം. എന്നാൽ ദുർമ്മാർഗ്ഗമുണ്ടായിരിക്കരുത്. സ്വാതന്ത്ര്യമുണ്ടായിരിക്കണം, എന്നാൽ ആരുടേയും സ്വത്തിനെ അപഹരിക്കരുത്. ചന്ദ്രനെപ്പോലെ ഉജ്വലവും ഹിമകണത്തെപ്പോലെ പവിത്രവും ആകാശത്തിനെപ്പോലെ വിസ്തൃതവും സമുദ്രജലത്തിനെപ്പോലെ നിത്യപൂർണ്ണവുംആയ സ്വരാജ്യത്തെയാണു ഞങ്ങൾ ആഗ്രഹിക്കുന്നത്. അവിടെ മനുഷ്യൻ മനുഷ്യനെ ഭയപ്പെടരുത്. വലിയവർ ചെറിയവരെ വിഴുങ്ങാൻ ഇടവരരുത്. അവിടെ സത്യവും സൗജന്യവും പണത്തിനുവേണ്ടി വില്ക്കപ്പെടരുത്. ഞങ്ങളുടെ സ്വരാജ്യം അയിത്തക്കാരെ ഉണർത്തും. സമുദായത്തിലെ ദുർമ്മാർഗ്ഗത്തിൽ വീണിട്ടുള്ള പുത്രികളെ വിനാശത്തിൽനിന്നും രക്ഷിച്ച് ശാന്തിയുടെ തീരത്ത് അടുപ്പിക്കും.

രാമ—ശരിയാണ്.

വിദ്യാ—എന്നാൽ ഞങ്ങൾ ആഗ്രഹിക്കുന്നില്ലെങ്കിൽ.

ഹർ—ആരു് ആഗ്രഹിച്ചാലും ആഗ്രഹിച്ചില്ലെങ്കിലും സൂര്യൻ എല്ലാ സ്ഥലങ്ങളിലും പ്രകാശിക്കുന്നു. മഴ സർവ്വത്ര ഉണ്ടാകുന്നു.

അഹമ്മദ് ഹസൻ—ഇപ്രകാരം സ്വരാജ്യം ഈ മണലിൽ ജനിച്ചിട്ടുള്ള എല്ലാവർക്കും ഒന്നുപോലെ ഗുണകരമായിരിക്കും.

വിദ്യാ—നിർബ്ബന്ധിച്ചുണ്ടാകുന്ന ഈ ഗുണം അത്ഭുതകരമായിട്ടുള്ളതാണ്.

ഹർ—നിങ്ങൾ പർദാ ആചരിക്കുന്നുണ്ടോ.

വിദ്യാ—ഇല്ല.

ഹർ—എന്തുകൊണ്ടില്ല?

വിദ്യാ—ഇതു് അനുചിതമാണ്. ഇതിനെ നശിപ്പിക്കണം.

ഹർ—എന്നാൽ സഹോദരി, നമ്മുടെ സ്ത്രീകൾ പറയുന്നു, പർദായിൽ വലിയ മഹിമയുണ്ടെന്നു്.

വിദ്യാ—അവരുടെ വിചാരം അസത്യമാണ്.

ഹർ—അതായതു് അനേകം വർഷങ്ങളായിട്ടു അടിമത്തം അവരുടെ തലച്ചോറിനെ ചീത്തയാക്കിയിട്ടുണ്ടു്.

വിദ്യാ—ശരി, നിങ്ങൾ എന്റെ അഭിപ്രായത്തെ വ്യക്തമാക്കി.

ഹർ__ഇവരുടെ മുറവിളി വകവെയ്ക്കാതെ പർദാ നശിപ്പിക്കണം.

വിദ്യാ__അവരുടെ പർദായെ നശിപ്പിക്കണമെന്നാണ് എൻെറയും വിചാരം.

ഹർ__ഇപ്പോൾ നിങ്ങളുടെ സ്ഥിതിയും ഇതുതന്നെയല്ലെ. നിങ്ങൾക്കു ബന്ധനങ്ങളോടു പ്രേമമില്ല. അതുകൊണ്ടു ....

അഹമ്മദ് ഹസൻ—(വിസിലിൻെറ ശബ്ദം കേട്ടിട്ട്) സമയം ആയിപ്പോയി. നമ്മളെ പുറത്തേയ്ക്കു വിളിക്കുന്നു.

ഹർ—പോവാം.

(എല്ലാവരും പോകുന്നു)

വിദ്യാ__രാമപ്യാരീ!

രാമ—യാതൊരു ഫലവുമുണ്ടായില്ല. അവർ നിങ്ങളുടെ വായതന്നെ മൂടിക്കളഞ്ഞു.

വിദ്യാ—എന്താ പറയുന്നതു്. അവരുടെ യുക്തികൾ വളരെ പ്രബലമായിരുന്നുവോ.

രാമ—ഇപ്പോൾ എന്താണു വിചാരം. കഷ്ടം, നിങ്ങളും കരയുകയോ.

വിദ്യാ—(കരഞ്ഞുകൊണ്ടു്) രാമപ്യാരീ, ഞാൻ അവരെ എന്തിനാണു വിളിച്ചതു്. അവർ എൻെറ നേരെവച്ച് എന്നെ മോശക്കാരിയാക്കി. നാലുഭാഗത്തും അന്ധകാരമായിരുന്നു. മനസ്സു പ്രസന്നമായിരുന്നു. അന്തഃകരണം ഉറങ്ങിയിരുന്നു. ഈ കുട്ടികൾ എനിക്കു പ്രകാശം കാണിച്ചിട്ട് എൻെറ കണ്ണു തുറപ്പിച്ചു. ഞാൻ ഭാരതത്തിൻെറ ഗൗരവത്തെ നഷ്ടപ്പെടുത്തുന്നവളും ദേശത്തിൻെറയും ജാതിയുടേയും ഉജ്ജ്വലമായ മുഖത്തെ കളങ്കപ്പെടുത്തുന്നവളും ആണു്. അവർ എൻെറ പരമാത്മം കാണിച്ചുതന്നു. എൻെറ അന്തഃകരണം എന്നെ അധിക്ഷേപിക്കുകയാണു്.

രാമ—നിങ്ങൾ എന്താണു പറയുന്നതു്?

വിദ്യാ—രാമപ്യാരീ, ഒന്നും ഇല്ല. എന്നെ ചതിക്കരുതു്. എൻെറ തുറന്ന കണ്ണുകളെ അടപ്പിക്കരുതു്. വാസ്തവത്തിൽ ഇതു് ഒരു വലിയ പാപമാണു്.

വിദ്യാ—യാതൊരു പരിശുദ്ധ ഭൂമിയിൽ മഹാത്മാഗാന്ധിയെപ്പോലെയുള്ള ദേവനും, പണ്ഡിത മോതിലാലിനെപ്പോലെയുള്ള ത്യാഗിയും മുഹമ്മദ് അലിയെപ്പോലെയുള്ള വീരനും ജനിച്ചിട്ടുണ്ടോ, അങ്ങനെയുള്ള സ്ഥലത്തു് എന്നെപ്പോലെയുള്ള നിർല്ലജ്ജകളായ സ്ത്രീകളും ഉണ്ടാ

യിരിക്കുന്നതു് എത്ര അപമാനജനകമാണ്. ദേശത്തിൽ ഉണർവ്വ് ഉണ്ടായിക്കൊണ്ടിരിക്കുന്നു, ജാതി അഭ്യുദയം പ്രാപിച്ചു വരുന്നു. എന്നാൽ നമ്മുടെ ശരീരം കല്ലിനെപ്പോലെ വഴി ദുർഗ്ഗമമാകുന്നു. ഇനി എനിക്ക് ഈ പാപം ചെയ്യാൻ സാദ്ധ്യമല്ല.

(പുറമേനിന്നു പാട്ടു കേൾക്കുന്നു)

രാമ—എത്ര കരുണമായ പാട്ട്!

വിദ്യാ—നിങ്ങൾ ഇതിനെ പാട്ടു എന്നു പറയുന്നുവോ, ഇതു പാട്ടല്ല. എന്റെ ആചാരങ്ങളുടെ കണ്ണാടിയാണ്. എന്റെ ഹൃദയത്തെ വിറപ്പിക്കുന്ന എന്റെ ആത്മകഥയാണ്. നിങ്ങൾ കേട്ടില്ലേ?

അഹോ! ഈശ്വര! എന്തൊരു ദുരാചാരിണിയും എത്ര നില്ല്ജ്ജയുമായിപ്പോയി ഞാൻ. ആ പരിശുദ്ധനായ കുട്ടി എന്നെ സോദരി എന്നു വിളിച്ച സമയത്തു ആകാശം വീണുപോകുന്നു എന്നു എനിക്ക് തോന്നിയിരുന്നു. അങ്ങനെയുള്ള വാക്കു മുഖത്തുനിന്നു എങ്ങനെ പുറപ്പെട്ടു! എനിക്കും അവനെ സഹോദര! എന്നു വിളിക്കുവാൻ കഴിയുമായിരുന്നോ? ഇല്ല—ഇല്ല. എന്റെ ചുണ്ടു വിറച്ചിട്ടു അടഞ്ഞു പോകുമായിരുന്നു. എന്റെ നീചമായ കണ്ണ് ഏതൊരു സഹോദരനേയും അന്വേഷിക്കുന്നില്ല. അതിനു കാശിലേ ആഗ്രഹമുള്ളൂ. (പുറത്തു എന്തോ താഴിട്ടിളക്കുന്നു. രാമപ്യാരി വാതിൽ തുറക്കുവാൻ പോകുന്നു.)

ഈ സമയത്തു് ഇതാരായിരിക്കാം. ദിലാവർ സിംഹനോ? എന്നാൽ അയാളെ അവർ എങ്ങിനെ കടത്തിവിട്ടു? ദൈവമേ! ഇതു അയാളാണെങ്കിൽ ആ വാതുക്കൽ തന്നെ തടഞ്ഞു നിത്തണമേ! അയാളുടെ സ്നേഹാർദ്രമായ രണ്ടു വാക്കു മതി, എന്റെ ധൈര്യമൊക്കെ പമ്പ കടക്കാൻ. ആര്, ദിലാവർ സിംഹൻതന്നെ! (ദിലാവർസിംഹൻ പ്രവേശിക്കുന്നു.)

ദിലാ—അതെ, ജീവസർവ്വസ്വമേ! ഞാൻ, അതെ ദിലാവർസിംഹൻ, നിങ്ങളുടെ ദാസനാണ്.

വിദ്യാ—നിൽക്കു, ഞാൻ ഒന്നു ചോദിക്കട്ടെ.

ദിലാ—ഇന്നു ഭാവം കുറച്ചു മാറിയിരിക്കുന്നു.

വിദ്യാ—നിങ്ങൾ അകത്തു എങ്ങനെ കടന്നു. അവർ പടിക്കൽ നിങ്ങളെ തടഞ്ഞില്ലേ?

ദിലാ—തടഞ്ഞു, എനിക്കു നില്ക്കാൻ നിവൃത്തിയില്ലെന്നു ഞാൻ പറഞ്ഞു.

വിദ്യാ—പിന്നെ?

ദിലാ—പിന്നെ അവർ എന്നെ ഉപദേശിച്ചു പറഞ്ഞു—ഇതു പാപമാണ്. എന്നാൽ ഞാൻ മറുപടി പറഞ്ഞു— സഹോദരന്മാരെ, ഞാൻ സമ്മതിക്കുന്നു. എന്നാൽ അകത്തു തീച്ചയായും പോകും. അവർ ഭൂമിയിൽ കിടന്നു പറഞ്ഞു—മുകളിൽക്കൂടെ പോകാം.

വിദ്യാ—എന്നിട്ടോ......

ദിലാ—എനിക്ക് അവരെ ചവിട്ടിയിട്ട് അകത്തേക്കു വരേണ്ടി വന്നു.

വിദ്യാ—പാപി, മഹാപാപി! നിങ്ങൾ നിങ്ങളുടെ വെറുക്കപ്പെടേണ്ട കാലും അവരുടെ ശരീരത്തിൽ വെച്ചു. നിങ്ങൾക്കു ലജ്ജ തോന്നിയില്ലേ. പുണ്യത്തെ പാപം കാലുകൊണ്ടു ചവിട്ടി. എന്നിട്ടു നിൻെറ ഈ അന്ധമായ കണ്ണുകളിൽ അശ്രു പൊഴിഞ്ഞില്ലേ. നിങ്ങൾ ഇത്ര നീചനും നിർല്ലജ്ജനും ആയിപ്പോയോ, ഞാൻ ഇങ്ങനെ ആശിച്ചിരുന്നില്ല. രാത്രി സമയമാണ്. തണുപ്പു ധാരാളമുണ്ട്. ജനങ്ങൾ തങ്ങളുടെ വീടുകളിൽ കമ്പിളി പുതച്ചു ഉറങ്ങിയിരുന്നു. എന്നാൽ ഈ കുട്ടികൾ പാപികളായ ജീവികളെ രക്ഷിക്കുന്നതിനുവേണ്ടി, ശീതവായുവിനേയും മററുള്ള ആപത്തുകളേയും നേരിടുന്നു. നിങ്ങൾ ഇതിനെപ്പററി സ്വല്പമെങ്കിലും വിചാരിച്ചില്ല. നിങ്ങൾ ആ പ്രേമത്തെ ധ്യാനിച്ചില്ല. യാതൊരു പ്രേമത്തിനുവേണ്ടി അവർ നിങ്ങളെപ്പോലെയുള്ള മദ്യപാനികളുടേയും പാപികളുടേയും മുമ്പിൽ കിടന്നുവോ അങ്ങനെയുള്ളവരുടെ പ്രേമത്തെ നിങ്ങൾ വകവെച്ചില്ല. മുകളിൽക്കൂടി അകത്തേക്കു വന്നു.

ദിലാ—വിദ്യാധരീ.......

വിദ്യാ—നിങ്ങൾ ഇവിടെ വരാതിരിക്കാൻ കഴിയാതിരിക്കത്തക്കവണ്ണം നിങ്ങളുടെ കാലുകൾ എന്തുകൊണ്ടു ഒടിഞ്ഞുപോയില്ല, നിങ്ങളുടെ നാവും എന്തുകൊണ്ടു മുറിഞ്ഞുപോയില്ല. ഈ പാപം എനിക്ക് എന്തൊരു ആപത്താണ് ഉണ്ടാക്കാൻ പോകുന്നതു് എന്നു വിവരമില്ല. ഇതു് എൻെറ ഭാഗത്തിലാണ്. ഞാൻ നിമിത്തമാണ് ഉണ്ടായിട്ടുള്ളതു്. എൻെറ തലയിലാണ്. എഴുനില്ക്കു, എൻെറ വീട്ടിൽനിന്നു പോകു. ഞാൻ നിങ്ങളുടെ മുഖം കാണാൻ ഇഷ്ടപ്പെടുന്നില്ല.

ദിലാ—ഇങ്ങനെ മനസ്സിലാകുന്നുണ്ടു്. ഇന്നു ഭക്തി കുറെ അധികമായി എന്നാണു തോന്നുന്നതു്.

വിദ്യാ—നിങ്ങൾ കേൾക്കുന്നില്ലേ.

ദിലാ—കേൾക്കുന്നുണ്ട്.

വിദ്യാ—എന്നാൽ പുറത്തേയ്ക്കു പുറപ്പെട്ടോളു. ഞാൻ നിങ്ങളോടു യാതൊരു ബന്ധവും ആഗ്രഹിക്കുന്നില്ല.

ദിലാ—ഞാൻ നിങ്ങൾക്കു സ്വർണ്ണവള കൊണ്ടുവന്നിട്ടുണ്ട്.

വിദ്യാ—ധിക്കാരം.

ദിലാ—ഭ്രാന്തിയായിട്ടുണ്ടോ?

വിദ്യാ—ഉവ്വ്, ഞാൻ ഭ്രാന്തിയായിട്ടുണ്ട്. ഈശ്വരൻ എന്നെ ഭ്രാന്തയായിത്തന്നെ വെയ്ക്കുവാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പോക. ഞാൻ വീണ്ടും പറയുകയാണ്.

ദിലാ—നീ എന്താ പറയുന്നതു്, അറിയാമോ.

വിദ്യാ—ഉവ്വ്. അറിയാം.

ദിലാ—ഇതിന്റെ ഫലംകൂടി അറിയുന്നുവോ.

വിദ്യാ—ഫലവും അറിയാം.

ദിലാ—പിന്നെ ആലോചിക്കു.

വിദ്യാ—ആലോചിച്ചു കഴിഞ്ഞിട്ടുണ്ട്.

ദിലാ—പിന്നാലെ പശ്ചാത്തപിക്കും.

വിദ്യാ—അപ്പോൾ നോക്കിക്കോളാം.

ദിലാ—വളരെ നന്ന്. ഞാൻ പോകുന്നു.

(പോയി.)

വിദ്യാ—പോയി. ആദ്യത്തെ പരിക്ഷയിൽ ജയം ഉണ്ടായി. ഹൃദയം എന്തുകൊണ്ടു വിറയ്ക്കുന്നു. ഇപ്പോൾ ... എന്നാൽ ഈ ബാലന്മാർ എപ്പോൾ വരെ കാവൽ നോക്കും. (ഉറക്കെ) രാമപ്യാരി!

രാമ—(അകത്തു വന്നിട്ട്) പറഞ്ഞാലും, ആജ്ഞ എന്താണ്.

വിദ്യാ—പോയി ഈ സ്വയംസേവകന്മാരോടു പറയു, ഞാൻ ഈ കുകർമ്മം ഉപേക്ഷിക്കയാണെന്നു.

രാമ—ഹാ! ഇതു താങ്കളോ..........

വിദ്യാ—കേൾക്കുന്നില്ലേ, നീ എന്തുകൊണ്ടു പോകുന്നില്ല. ഞാൻ പറഞ്ഞതു ചെയ്യു. അവരെ ആദരവോടുകൂടി പറഞ്ഞയയ്ക്കു. എനിക്കു ഉറക്കം വരുന്നു, ഇപ്പോൾ ആരും എന്റെ മുറിയിൽ വരേണ്ട ആവശ്യമില്ല.